# തുടരുമീ യാത്ര



**ഗുജറാത്ത് മിഷൻ**
**സി. എം.ഐ. സെന്റ് സേവ്യേഴ്സ് പ്രൊവിൻസ്**
**രാജ്കോട്ട്**

# CMI ST. XAVIER'S PROVINCE
# RAJKOT

ST. KURIAKOSE ELIAS CHAVARA
1805-1871



# തുടരുമീ യാത്ര

ഗുജറാത്ത് മിഷൻ

സി. എം.ഐ. സെന്റ് സേവ്യേഴ്സ് പ്രൊവിൻസ്

രാജ്കോട്ട്

**Editors :**
**Fr. Thomas Kolamkuzhiyil CMI**
**Fr. Jilson Pinakkattuparambil CMI**

**Illustrations:**
**Fr. Joy Elakunnapuzha CMI**

**Cover Design:**
**Mr. Ketan Pateliya**

**Published by :**
**Vidyodaya Publications**,
Rajkot, Gujarat, India

**Designing & Printed at :**
***Lippi***,
Baroda, Gujarat,
Ph.: 0265-2434310
www.lippipress.com

# ഈ യാത്രക്ക് ഒരു ആമുഖം

ഗുജറാത്തിൽ സി.എം.ഐ. വൈദികരെത്തിയിട്ട് അമ്പത് വർഷം തികയുന്നു. ആയിരത്തിത്തൊള്ളായിരത്തി എഴുപത്തി രണ്ടിലാണ് നമ്മുടെ ആറു മിഷണറിമാർ രാജ്കോട്ട് എത്തുന്നത്. കഴിഞ്ഞ അമ്പത് വർഷങ്ങൾ ഗുജറാത്ത് മിഷനെയും സി.എം.ഐ. സഭയേയും സംബന്ധിച്ച് അതിനിർണായകങ്ങളായിരുന്നു എന്ന് പറയാം. കർമ്മലീത്താ വൈദികരിലൂടെ ഗുജറാത്തിൽ ഒരു സീറോ മലബാർ രൂപത ഉദയം കൊണ്ടു. ഇന്ന് രാജ്കോട്ട് രൂപതയിൽ നൂറ്റിനാൽപത് സി.എം.ഐ വൈദികരുൾപ്പെടെ നൂറ്റിഎൺപതോളം വൈദികരും, നാനൂറോളം സന്യാസിനികളും സുവിശേഷ വേല ചെയ്യുന്നു. കേരളത്തിനു പുറത്ത് സി.എം.ഐ. സഭയുടെ രണ്ട് പ്രവിശ്യകളുള്ള ഏക സംസ്ഥാനം ഗുജറാത്താണ്. ഏതാണ്ട് നാനൂറോളം ക്രൈസ്തവ സ്ഥാപനങ്ങൾ ഇന്ന് രാജ്കോട്ട് രൂപതയിൽ തന്നെയുണ്ട്.

ഈ രൂപതയുടെ അതിശയകരമായ വളർച്ചയുടെ കാരണം സർവ്വശക്തനായ ദൈവത്തിന്റെ അളവറ്റ പരിപാലനയും, അവിടുത്തെ വിളികേട്ട് ഇറങ്ങി പുറപ്പെട്ട നമ്മുടെ മിഷണറിമാരുടെ കഠിനമായ പ്രയത്നങ്ങളും ഇവിടുത്തെ നല്ലവരായ ജനങ്ങളുടെ ഹൃദയ വിശാലതയും സമ്പൂർണ്ണ സഹകരണവും ആണെന്നതിൽ സംശയമില്ല.

ഇന്ത്യയുടെ പടിഞ്ഞാറു ഭാഗത്താണ് ഗുജറാത്ത് സ്ഥിതി ചെയ്യുന്നത്. അതിമനോഹരങ്ങളായ കടൽത്തീരങ്ങളും, അങ്ങിങ്ങായുള്ള പർവ്വത നിരകളും, നീണ്ടു നിവർന്ന് കിടക്കുന്ന ദേശീയ പാതകളും, വിശാലങ്ങളായ മരുഭൂമികളും, പ്രൗഢഗംഭീരങ്ങളായ ക്ഷേത്ര സമുച്ചയങ്ങളും വിശ്വവിഖ്യാതങ്ങളായ വ്യാപാര കേന്ദ്രങ്ങളും, ലാളിത്യം കവിഞ്ഞൊഴുകുന്ന ഗ്രാമപ്രദേശങ്ങളും, ഗുജറാത്തിന്റെ പ്രത്യേകതയാണ്. ആഘോഷപ്രിയരും അതിഥി സൽക്കാര സമ്പന്നരുമായ ഇവിടുത്തെ ജനങ്ങൾ ശാന്തശീലരും സ്നേഹസമ്പന്നരുമാണ്. കഴിഞ്ഞ അമ്പതു വർഷക്കാലത്തിനിടക്ക് നമ്മുടെ മിഷണറിമാർക്കോ, സ്ഥാപനങ്ങൾക്കോ ഇവിടെ കാര്യമായ എതിർപ്പുകളോ ബുദ്ധിമുട്ടുകളോ നേരിടേണ്ടി വന്നിട്ടില്ലായെന്നത്, ഇവിടുത്തെ ജനങ്ങളുടെ നന്മയും ഉദാരമനസ്കതയുമാണ് കാണിക്കുന്നത്.

ദൈവത്തിന്റെ സ്വന്തം നാടുപോലെ തന്നെ പ്രിയപ്പെട്ടതും നന്മയുള്ളതുമായ ഗുജറാത്തിനെയും, അവിടെ നമ്മുടെ കർത്താവിന്റെ സുവിശേഷവുമായി യാത്ര തുടരുന്ന മിഷണറിമാരുടെ ധീരോജ്ജ്വലമായ പ്രവർത്തനങ്ങളെയും പരിചയപ്പെടുത്തുകയാണ് തുടരുമീയാത്ര എന്ന ഈ ചെറു ഗ്രന്ഥം.

**ഫാ. തോമസ് കോലംകുഴിയിൽ സി.എം.ഐ.**

# ഉള്ളടക്കം


☞ തുടരുമീ യാത്ര ........................................ 05
☞ ആ യാത്ര ഗുജറാത്തിൽ ........................................ 08
☞ ഗുജറാത്തിനെ പരിചയപ്പെടാം........................................ 11
☞ ഗുജറാത്തിൽ ക്രിസ്തു മതത്തിന്റെ ആരംഭം ........................................ 18
☞ നമ്മുടെ മിഷണറിമാർ ഗുജറാത്തിൽ ........................................ 22
☞ വയലേലകളിൽ ........................................ 28
☞ വയലേല കാഴ്ചകൾ ........................................ 30
☞ അവിചാരിതമീ യാത്ര ........................................ 36
☞ ഞാൻ എന്തുകൊണ്ട് ഗുജറാത്ത് തിരഞ്ഞെടുത്തു ........................................ 40
☞ ദൈവ വിളി: ഈ യാത്രയുടെ ആരംഭം ........................................ 42
☞ സന്യാസത്തിലേക്കുള്ള ദൈവവിളി ........................................ 48
☞ സന്യാസി ഭാരത ചിന്തയിൽ: ........................................ 51
☞ സി.എം.ഐ: പ്രഥമ കേരളാ സന്യാസ സഭ ........................................ 52
☞ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ്: വിശുദ്ധിയിലേക്കൊരു യാത്ര ................ 54
☞ ചാതുർവർണ്ണ്യത്തിന്റ ചതുരംഗ ഭൂമിയിൽ അഞ്ച് ദിനരാത്രങ്ങൾ ............................ 58
☞ ഞങ്ങളും ഗുജറാത്തിലേക്ക് ........................................ 64
☞ നമ്മുടെ ദൗത്യം: അവരുടെ സാക്ഷ്യം ........................................ 69
☞ സി.എം.ഐ. വൈദിക പരിശീലന വഴികളിലൂടെ ........................................ 72

# തുടരുമീ യാത്ര

"നിങ്ങൾ ലോകമെങ്ങും പോയി എല്ലാ
സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ." മാർക്കോസ് : 16:15



അങ്ങനെ അവർ യാത്രയായി, ക്രിസ്തു ശിഷ്യർ;
ലോകാതിർത്തിയിലേക്ക്,
രക്ഷയുടെ സുവിശേഷവുമായി.
ദിവസങ്ങൾ കഴിഞ്ഞു, മാസങ്ങളും,
ആണ്ടുകൾ പതിറ്റാണ്ടുകളായി
പതിറ്റാണ്ടുകൾ നൂറ്റാണ്ടുകളും.
അവയും കടന്നു പോയി, ഇരുപതോളം.
സംസ്കാരങ്ങൾ പലതും പോയി മറഞ്ഞു,
പുതിയവ രൂപപ്പെട്ടു, മറ്റ് ചിലത് രൂപാന്തരപ്പെട്ടു.
ഇതിഹാസങ്ങൾ വിരചിതമായി.
ചരിത്രം അതിവേഗം ഒഴുകി.
യുദ്ധങ്ങളും മഹായുദ്ധങ്ങളും നടന്നു,
ജനജീവിതം താളം തെറ്റി
രാജ്യാതിർത്തികൾ മാറ്റി വരക്കപ്പെട്ടു.
ഭൂഖണ്ഡങ്ങൾ വീണ്ടും വീണ്ടും ഖണ്ഡിതമായി.
ഭരണങ്ങൾ മാറി, ഭരണകർത്താക്കൾ പോയി മറഞ്ഞു.
ശാസ്ത്രം വളർന്നു,
മനുഷ്യൻ ബഹിരാകാശത്തേക്ക് യാത്ര നടത്തി, തിരിച്ചും.
കമ്പ്യൂട്ടറും, ഇന്റർനെറ്റും, ജീവിതശൈലി തന്നെ മാറ്റിയെഴുതി.
സ്മാർട്ട് ഫോണുകൾ കളി പാവകളായി....
എന്നിട്ടും ആ യാത്ര തുടർന്നു, ക്രിസ്തു ശിഷ്യരുടെ യാത്ര.
ഭാണ്ഡ കെട്ടുകളില്ലാതെ പണപ്പെട്ടിയുടെ ഭാരമില്ലാതെ;
രണ്ടു വടികളോ, ചെരുപ്പോ കരുതാതെയും.
സൂര്യനസ്തമിക്കാത്ത രാജ്യത്തും
ഇരുണ്ട ഭൂഖണ്ഡത്തിലും അത് പ്രഭ ചൊരിഞ്ഞു;
ബഹിരാകാശത്തും അവയെത്തി,

ക്രിസ്തുവിന്റെ സുവിശേഷം.
സുവിശേഷ വാഹകർ സുവിശേഷം തന്നെയായി.
നിയുക്തർ നിയോഗം മറന്നില്ല.
രാജാക്കളുടെ മുമ്പിലും, ചക്രവർത്തിമാരുടെ സന്നിധിയിലും
അവർ സാക്ഷ്യം പറഞ്ഞു.
പാവങ്ങളുടെ കണ്ണീരൊപ്പി, ശപിക്കുന്നവരെ അനുഗ്രഹിച്ച്,
വഞ്ചിക്കുന്നരെ സതീർത്ഥ്യരാക്കി, ശത്രുക്കളെ സ്നേഹിച്ച്,
അവർ യാത്ര തുടർന്നു.
ഉടുപ്പ് ചോദിക്കുന്നവന് പുറംകുപ്പായം കൂടി നൽകി,
ഒരു കരണത്തടിക്കുന്നവന് മറുകരണം കാണിച്ച് കൊടുത്ത്,
ഒരു മൈൽ അനുഗമിക്കുവാൻ യാചിക്കുന്നവർക്കായി
രണ്ട് മൈലുകളും കടന്ന് അവർ യാത്ര തുടരുന്നു;
ലോകാതിർത്തികളിലേക്ക്.
സ്വാർത്ഥ സംസ്കാരത്തിന്റെ വേലിക്കെട്ടുകൾ തകർത്ത്
തന്നിഷ്ടത്തിന്റെ അതിരു കടന്ന്
സുഖലോലുപതയുടെ ആകർഷണ വലയം ഭേദിച്ച് അവർ യാത തുടരുന്നു.
സ്ഥലകാല പരിമിതികൾ അവർ മറികടക്കും
ലോകാതിർത്തികളും വിട്ട് അവർ മുന്നേറും.
ദൈവിക വലയത്തിലവരെത്തും.
രക്ഷാകര വെളിച്ചം അവരെ വലയം ചെയ്യും;
അതുവരെയും, യുഗാന്ത്യത്തോളം;
അവിഛന്നമായി, അർദ്ധവിരാമമില്ലാതെ;
തുടരുമീ യാത്ര, സുവിശേഷ യാത്ര!
അതു തീർച്ച,
കാരണം അവരെ അയച്ചവൻ അവരോടുകൂടി തന്നെയുണ്ട് !

# ആ യാത്ര ഗുജറാത്തിൽ



അവർ യാത്ര തുടർന്നു, കർത്താവിനാൽ അയക്കപ്പെട്ടവർ.
കൂടെ പോയി മരിക്കാൻ തയ്യാറുള്ളവരായ്,
ശാന്തി തൻ ഉപകരണങ്ങളായ്,
സഹനപുത്രിമാരായ്,
ആത്മാനുതാപത്തിന്റെ വഴികൾ തേടി; കർമ്മയോഗികളായ്,
ദൈവഹിതം നടത്താനും നടത്തിക്കാനുമായി
അവർ സഞ്ചരിച്ചു.
അങ്ങനെ ഒരു നാൾ
കർത്താവിന്റെ സുവിശേഷം ഗുജറാത്തിലുമെത്തി,
സുവിശേഷ വാഹകർ ഈ മണ്ണിൽ കൂടാരം കെട്ടി.
കർത്താവിന്, വഴിയൊരുക്കുന്ന സ്വരം ഇവിടെ മുഴങ്ങി.
കച്ചിലും സൗരാഷ്ട്രയിലും അതു മാറ്റൊലികൊണ്ടു,
മരുഭൂമിയിൽ ജീവജലമൊഴുകി.
അന്ധർ കണ്ടു, അന്ധകാരം മറഞ്ഞു,
ബധിരർ ശ്രവിച്ചു.
നന്മകൾ നേർന്ന്, സമാധാനമേകി
കണ്ണീരൊപ്പി, വിജ്ഞാനം പകർന്ന്
സമസ്ത ലോകത്തിനു സൗഖ്യം ആശംസിച്ച്
ആ സദ്വാർത്ത ഗ്രാമങ്ങൾ ചുറ്റി;
പട്ടണങ്ങളിൽ സഞ്ചരിക്കുകയും ചെയ്തു.
വൈവിധ്യങ്ങൾ ആഘോഷിച്ച്
വൈരുദ്ധ്യങ്ങൾ മറന്ന്
'വിശ്വ കുടുംബത്തിന്റെ കാതലായി സുവിശേഷം.
പര ദു:ഖത്തിൽ ഉപകാരം ചെയ്ത്
അപരന്റെ പീഡകളിൽ മനസ്സലിഞ്ഞ്
സകല ലോകരേയും വന്ദിച്ച്,
പരനിന്ദ കൈവെടിഞ്ഞ്,
വൈഷ്ണവ ജനതയുടെ സാരവുമായി.'

അങ്ങനെ നന്മയുടെ സുവിശേഷം
അഹിംസയുടെ സദ്വാർത്തയുമായി ഇവിടെ യാത്ര തുടർന്നു.
ദരിദ്രരെ ഭാഗ്യവാന്മാരായി കണക്കാക്കി,
അവരുടെ ഭാഗ്യത്തിൽ പങ്കുചേർന്ന്
കനിവുള്ളവർക്ക് കാരുണ്യം നൽകുന്ന,
സമാധാന പ്രിയർ കീഴടക്കുന്ന
ഒരു ലോകത്തിനായി അവർ പൊരുതുന്നു.
ഉപനിഷത്തുകളുടെയും ചതുർവേദങ്ങളുടെയും പൊരുളറിഞ്ഞ്,
അഷ്ഠ സൗഭാഗ്യ മന്ത്രങ്ങളോതി,
ചതുർ വർണ്ണങ്ങളിലവതരിക്കുന്ന നാരായണനെ നൽകാൻ
സുവിശേഷ ചൈതന്യം നൽകിയ ഉൾക്കരുത്തുമായി
അവർ, നമ്മുടെ മിഷണറിമാർ
ഇവിടെ കഴിയുന്നു! ജയ് ഗർവി ഗുജറാത്തിൽ.



# ഗുജറാത്തിനെ പരിചയപ്പെടാം

മഹത്തുക്കളുടെയും ഇതിഹാസങ്ങളുടെയും നാടാണ് ഗുജറാത്ത്. വൈവിധ്യങ്ങളുടെ കലവറയും. വൈരുദ്ധ്യങ്ങളേറിയ ഭൂമിശാസ്ത്രവും നിറപ്പകിട്ടാർന്ന സാംസ്കാരിക പൈതൃകവും ഗുജറാത്തിന് സ്വന്തം. ഇന്ത്യയുടെ വടക്കുപടിഞ്ഞാറ്, അറബിക്കടലിനെ തൊട്ടുരുമ്മിയാണ് ഗുജറാത്ത് സ്ഥിതി ചെയ്യുന്നത്. ഏതാണ്ട് ആയിരത്തി അറുന്നൂറോളം കിലോമീറ്റർ നീളമുള്ള തീരദേശമുണ്ടതിന്. ജനസംഖ്യ ആറുകോടിയിൽപ്പരം. വിസ്തൃതിയിൽ അഞ്ചാംസ്ഥാനമുണ്ട്; ജനസംഖ്യയിൽ ഒൻപതും. ഭൂമിശാസ്ത്രപരമായ വൈരുദ്ധ്യങ്ങളുടെ ശാലീന സൗന്ദര്യം ഗുജറാത്തിനെ അതീവ സുന്ദരമാക്കുന്നു.



കച്ച് ജില്ലയിലുള്ള 'വൈറ്റ് ഡെസെർട്ട് '

കച്ചിന്റെ അതിഗഹനമായ മണലാരണ്യങ്ങളും, ഉപ്പുപാടശേഖരങ്ങളും, ജലദൗർലഭ്യം ഉള്ളതും, വരണ്ടതുമായ കത്തിയാർ ഉപദ്വീപും, ഏഷ്യൻ സിംഹങ്ങളുടെ വിഹാരകേന്ദ്രങ്ങളായ ഗീർവനങ്ങളും, ഫലഭൂയിഷ്ടവും ഹരിതാഭവുമായ തെക്കൻ പ്രദേശങ്ങളും, മഴക്കാലത്ത് ശാന്തസുന്ദരമായി ഒഴുകുന്ന സബർമതി പോലുള്ള നദികളും, ഗിർനാർ പോലുള്ള വിശുദ്ധ മലകളുമൊക്കെ അലൗകികമായ ഒരു പരിവേഷം ഗുജറാത്തിന് നൽകുന്നു. ഇതിന്റെ

ആഴമേറിയ ആദ്ധ്യാത്മികതക്കും, അതിസമ്പന്നമായ സാംസ്കാരിക പൈതൃകത്തിനും കാരണം ഒരുപക്ഷേ ഈ വൈരുദ്ധ്യങ്ങളാകാം.



വിശുദ്ധമായ ഗിർനാർ മലനിരകൾ

ഹൈന്ദവ പുരാണത്തിലെ അത്യാകർഷകവും അതിപാവനങ്ങളുമായ പല പുണ്യ സ്ഥലങ്ങളും ഇവിടെ സ്ഥിതി ചെയ്യുന്നു. വിഷ്ണു അവതാരമായ ശ്രീകൃഷ്ണ ഭഗവാൻ വളർന്ന ദ്വാരകയും, ജാരന്റെ അമ്പേറ്റ് മരണമടഞ്ഞ വെരാവലും ഇവിടുത്തെ മണ്ണിന് അലൗകികത നേരുന്നുണ്ട്. സോമനാഥ്, ദ്വാരകേശ്, ശത്രുഞ്ചയ, ജഗന്നാഥ, സന്ദീപനി, ശ്യാമളാജി മുതലായ വിശ്വപ്രശസ്തിയാർജ്ജിച്ച ഹൈന്ദവാരാധനാ സ്ഥലങ്ങളും ഇവിടെയാണ്.

ജാംജോധ്പൂർ താലൂക്കയിലുള്ള സിനാവരി (Zinavari) ഗ്രാമത്തിലെ 'ഗോപ്മന്ദിരം' ഗുജറാത്തിലെ തന്നെ ഏറ്റവും പഴക്കമുള്ള അമ്പലങ്ങളിലൊന്നാണ്. ഇവക്കുപുറമെ പാലിത്താണയിലെ ശത്രുഞ്ചയ മലമുകളിലുള്ള ജൈൻ ക്ഷേത്രസമുച്ചയങ്ങളും ലോക പ്രശസ്തിയാർജ്ജിച്ചവ തന്നെ.



വെരാവലിലുള്ള സോമനാഥ് മന്ദിർ

ഇവ ഏതാണ്ട് 7288 അടി ഉയരത്തിലാണ് സ്ഥിതി ചെയ്യുന്നത്. മൂവായിരത്തി എഴുന്നൂറ്റി അമ്പതോളം കാൽനടകൾ കയറി വേണം അതിന്റെ സന്നിധിയിൽ എത്തിച്ചേരുവാൻ. ഇങ്ങനെ ആയിരക്കണക്കിന് ഹൈന്ദവ-ജൈന, ബുദ്ധ ക്ഷേത്രങ്ങളാലും അവയിലെ ദേവീ-ദേവന്മാരുടെ സാന്നിധ്യത്താലും ഗുജറാത്ത് ആധ്യാത്മികമായ ഒരു ശക്തിയായി തീരുന്നുണ്ട്. നാനാത്വത്തിൽ ഏകത്വം എന്ന തത്വം പുലർത്തിക്കൊണ്ട് നൂറുകണക്കിന് മോസ്കുകളും, ക്രൈസ്തവ ദേവാലയങ്ങളും ഇവിടെ കാണാം.


നരസിംമേത്ത


മീരാബായ്

ഭക്തകവിയായ നരസിംമേത്തയുടെയും, മീരാബായിയുടെയുമൊക്കെ ജീവിതത്താൽ ധന്യമാക്കപ്പെട്ടതുമത്രെ ഈ പുണ്യഭൂമി. ലോകാരാധ്യനായ നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി ജനിച്ചത് ഗുജറാത്തിന്റെ പോർബന്ദറിലാണ്. സർദാർ വല്ലഭായി പട്ടേൽ, അബ്ബാസ് തൃബ്ജി, അശോക്മേത്ത ബലവന്ത്റായി മേത്ത, ബുലാഭായ് ദേശായ്, ബുവേർചന്ദ് മേഘാനി, ഇന്ദുമതി ചമ്മൻലാൽ, ഹസന്മേത്ത, പൂർണിമ അരവിന്ദ്, പെരിൻ ക്യാപ്റ്റൻ മുതലായ സ്വാതന്ത്ര്യ സമര സേനാനികളും ഗുജറാത്തിന്റെ വീര സന്താനങ്ങൾ തന്നെ. ഭാരതത്തെ ന്യൂക്ലിയർ ശക്തിയാക്കാൻ കഠിനമായി യത്നിച്ച പ്രസിദ്ധ ഭൗതിക ശാസ്ത്രജ്ഞർ, ISRO-യുടെ സ്ഥാപക പിതാവും ശൂന്യാകാശ ഗവേഷണത്തിന്റെ പിതാവുമായ വിക്രംസാരാഭായി, ചന്ദ്രകാന്ദ് പട്ടേൽ, പ്രഹ്ലാദ് ചുന്നിലാൽ മുതലായ ശാസ്ത്രജ്ഞരും ഗുജറാത്തിന്റെ സംഭാവനകളാണ്.

### ജനങ്ങളും ജീവിതശൈലിയും

ഗുജറാത്തിലെ ജനങ്ങൾ അഥവാ ഗുജറാത്തികൾ ഇൻഡോ–ആര്യൻ വംശീയ ഭാഷാ വിഭാഗമാണ്. ഗുജറാത്തിയാണ് അവരുടെ സംസാര ഭാഷ. പൊതുവെ സൗമ്യശീലരും സംസ്കാര സമ്പന്നരും തുറന്ന മനസ്സുള്ളവരുമാണ് ഗുജറാത്തികൾ. വിവിധങ്ങളായ മതാരാചാരങ്ങളോടും വിശ്വാസ സംഹിതകളോടും ഇവർ തികഞ്ഞ ആദരവും സഹിഷ്ണുതയും കാണിക്കുന്നു. ഹിന്ദു, ബുദ്ധ, ജൈൻ, മുസ്ലിം മതവിശ്വാസങ്ങളുടെ സമഞ്ചസ സമ്മേളനം കൂടിയാണ് ഗുജറാത്തിലെ സംസ്കാരമെന്നും വേണമെങ്കിൽ പറയാം. ക്രൈസ്തവർ എണ്ണത്തിൽ വളരെ കുറവാണെങ്കിലും പൊതുജീവിതധാരയിൽ ഒരു പ്രമുഖ സ്ഥാനം തന്നെ അവർക്ക് ലഭിക്കുന്നു എന്നത് നിസ്തർക്കമായ വസ്തുതയാണ്.



അതിഥി സൽക്കാര പ്രിയരും അനുകമ്പാർദ്രരുമാണ് ഗുജറാത്തിലെ സഹോദരങ്ങൾ. ദാനധർമ്മത്തിലും പരസേവന പ്രവർത്തനങ്ങളിലും അഗ്രഗണ്യരുമാണവർ. അവരുടെ ദയയ്ക്കും കാരുണ്യത്തിനും മനുഷ്യർ മാത്രമല്ല സർവ്വ ജീവജാലങ്ങളും പാത്രഭൂതരാകുന്നു. വേനൽ ക്കാലത്തിന്റെ കഠിന ഉഷ്ണത്തിൽ പക്ഷി വർഗ്ഗങ്ങ ൾക്കും മറ്റു ജീവജാല ങ്ങൾക്കു മായ് ജലം നിറച്ച് മൺപാത്രങ്ങൾ മരങ്ങളിൽ കെട്ടി തൂക്കുന്നത് ഹൃദയ സ്പർശിയായ കാഴ്ചയാണ്. ഉറുമ്പുകൾക്കും പുഴുക്കൾക്കും തീറ്റ കൊടുക്കുന്നതും, തെരുവുനായ്ക്കളെപ്പോലും കരുണയോടെ പരിപാലിക്കുന്നതും, ഏതുതരത്തിൽപ്പെട്ട ജീവനോടും അവർക്കുള്ള ബഹുമാനവും സഹാനുഭൂതിയുമാണ് കാണിക്കുക. ഇവക്കെല്ലാം പുറമെ വഴിയാത്രക്കാർക്കായി ഭക്ഷണവും ദാഹജലവും, താമസ സൗകര്യവും സൗജന്യമായി നൽകുന്ന അനേകം ക്ഷേത്രങ്ങളും സ്ഥാപനങ്ങളും ഗുജറാത്തിലുടനീളം നമുക്ക് കാണുവാൻ സാധിക്കും.

### ഗുജറാത്തിലെ ഉൽസവങ്ങൾ

ആഴമേറിയ ആദ്ധ്യാത്മിക ജീവിതം നയിക്കുന്ന ഗുജറാത്തികൾ ആഘോഷപ്രിയരുമാണ്. ഈ ആഘോഷങ്ങളിൽ മിക്കവാറും മതപരവും സാംസ്കാരികവുമായ ഇതിഹാസങ്ങളോടു ബന്ധപ്പെട്ടവയുമാണ്. ഒക്ടോബർ-നവംബർ മാസങ്ങളിൽ ആഘോഷിക്കപ്പെടുന്ന നവരാത്രി ആഘോഷം വളരെയേറെ ജനപ്രിയവും ഭക്തിസാന്ദ്രവും തന്നെ. ഒൻപത് രാത്രികളിൽ ജനങ്ങൾ ഭക്തിനിർഭരമായി നൃത്തം ചവുട്ടി സ്ത്രൈണ ശക്തിയുടെ പ്രതീകങ്ങളായ ദേവതകളെ ആരാധിക്കുന്നു. രാസഗർബ, ഡാൻഡിയാ മുതലായ നൃത്തകലകൾ ലോകപ്രസിദ്ധങ്ങളാണ്. പട്ടണങ്ങളെന്നോ ഗ്രാമങ്ങളെന്നോ വ്യത്യാസമില്ലാതെ അബാലവൃദ്ധം ജനങ്ങളും വിശാലങ്ങളായ മൈതാനങ്ങളിലും മറ്റും ഒരുമിച്ചുകൂടുന്നു. ഈ ഒൻപത് രാത്രികളിലും അവർ ഒൻപത് ദേവീഭാവങ്ങളെയാണ് ആരാധിക്കുക. മഹിഷാസുര മർദ്ദിനിയായ ദുർഗ്ഗയെയും, ഐശ്വര്യ ദേവതയായ ലക്ഷ്മിയേയും, അറിവിന്റെ ദേവതയായ സരസ്വതിയെയുമൊക്കെ ഇവർ ആരതി സമർപ്പിച്ചാരാധിക്കുന്നു. അതിനുശേഷം പരമ്പരാഗതമായ സംഗീതത്തിനൊപ്പം ലളിതമായ ചുവടുകൾ വച്ച് നൃത്തം ചെയ്യുന്നു. മണിക്കൂറുകളോളം നീണ്ടുനിൽക്കുന്ന ഈ നൃത്തങ്ങൾ ഹൃദയഹാരികൾ തന്നെ. പത്താം ദിവസത്തെ 'ദസറ' അഥവ 'വിജയ ദശമി' ആഘോഷത്തോടെ ഈ ആദ്ധ്യാത്മിക-സാംസ്കാരിക മാമാങ്കത്തിന് തിരശ്ശീല വീഴുന്നു.



ഗുജറാത്തിന്റെ പരമ്പരാഗത നൃത്ത കലയായ ഗർബാ ഡാൻസ്



സഹോദരീ–സഹോദര ബന്ധത്തെ ഊട്ടിയുറപ്പിക്കുന്ന രക്ഷാബന്ധൻ ആഘോഷം

അനീതിയുടെമേൽ നീതിയുടെ വിജയത്തെ ആഘോഷിക്കുന്ന ദീപാവലിയും, സഹോദരീ–സഹോദരബന്ധത്തെ ഊട്ടിയുറപ്പിക്കുന്ന 'രക്ഷാബന്ധനും', 'ഭായിബീജും', വളരെയേറെ അർഥവത്തതും ഹൃദയ സ്പർശിയുമായ ആഘോഷങ്ങളാണ്. 'മകരസംക്രാന്തി' അഥവാ 'ഉത്തരായൻ' എന്നറിയപ്പെടുന്ന പട്ടം പറപ്പിക്കൽ ആഘോഷം അത്യന്തം രസകരവും വാശിയേറിയതുമായ ഒരു മത്സരകലകൂടിയാണ്. ഓരോ ആഘോഷത്തിനുമനുസരിച്ച് വിവിധങ്ങളായ മധുരപലഹാരങ്ങളും, മിഠായികളും ഇവർ ഉണ്ടാക്കുന്നു. വീട്ടുകാരും ബന്ധുജനങ്ങളും, സുഹൃത്തുക്കളും ഒന്നിച്ച് കൂടുന്ന അസുലഭങ്ങളായ അവസരങ്ങളുമാണ് ഈ ആഘോഷങ്ങൾ.

ഇത്തരം ആഘോഷങ്ങൾക്ക് പുറമെ സ്ഥല–സമയ ബന്ധിതങ്ങളായ ഉത്സവങ്ങളും (മേളകളും) ജനങ്ങൾ സംഘടിപ്പിക്കാറുണ്ട്. കച്ചിലെ റണോത്സവവും (മരുഭൂമിയിലെ ഉത്സവം) പ്രസിദ്ധമായ താനേത്തർ മേളകളും ഒക്കെ വിദേശത്ത് നിന്ന് പോലും ആളുകളെ ആകർഷിക്കാറുണ്ട്. സ്ഥാനികവും കാലികവുമായ ഏതാണ്ട് ഇരുന്നൂറോളം ഉത്സവങ്ങളും, മേളകളും ഗുജറാത്തിൽ ആഘോഷിക്കപ്പെടാറുണ്ട്. ഇത് തീർച്ചയായും ഇവിടുത്തെ ജനങ്ങളുടെ ആത്മസംതൃപ്തിയുടെയും, ആദ്ധ്യാത്മിക സംസ്കാരത്തിന്റെയും പ്രകടനം

തന്നെയാണ്. ഭംഗിനിറഞ്ഞ ഈ നാടും നന്മനിറഞ്ഞ ഇവിടുത്തെ മനുഷ്യരും, അതിഥി ദേവോ ഭവ: എന്ന വിശ്വ സാഹോദര്യ മന്ത്രം മുഴക്കി ഇവിടെയെത്തുന്ന എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

സാമ്പത്തികമായും വ്യാവസായികമായും മുൻപന്തിയിലാണ് ഗുജറാത്ത്. ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾ കൃഷിക്കാരും ആടുമാടുകളെ വളർത്തുന്നവരുമാണ്. മഴ വളരെ കുറവുള്ള പ്രദേശമാകയാൽ ഗ്രാമീണരുടെ ജീവിതം പലപ്പോഴും ദുരിതവും കഷ്ടപ്പാടും നിറഞ്ഞതാകുന്നുണ്ട്. ശ്രേഷ്ഠമായ വിദ്യാഭ്യാസ സൗകര്യങ്ങളും ആരോഗ്യപരിപാലന കേന്ദ്രങ്ങളും വിരളമാണീ പ്രദേശങ്ങളിൽ.



പ്രശസ്തമായ താനേത്തർ മേള

# ഗുജറാത്തിൽ ക്രിസ്തു മതത്തിന്റെ ആരംഭം

**ഫാ. ജോസ് മംഗലംകുന്നേൽ സി.എം.ഐ**



നമ്മുടെ ക്രൈസ്തവ വിശ്വാസത്തിന്റെ പിതാവായ മാർ തോമ്മാശ്ലീഹാ ഒന്നാം ശതകത്തിൽ തന്നെ കേരളത്തിൽ എത്തിയത് ഒരേസമുദ്രതീരമായ ഗുജറാത്തിലെ തുറമുഖ പട്ടണമായ ബറൂച്ച് (Bharuch) വഴിയാണെന്ന് വിശ്വസിക്കുന്നവരുണ്ട്. മുംബൈ സെന്റ് സേവ്യേഴ്സ് കോളേജിലെ ചരിത്രാധ്യാപകനായിരുന്ന ഈശോസഭാ വൈദികൻ ഫാ. എ. വാത് എസ്.ജെ. (Fr. Vath S.J.) 'ബോംബെ മിഷൻ' എന്ന തന്റെ പുസ്തകത്തിൽ ഇങ്ങനെ ഒരു അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് തെറ്റോ ശരിയോ എന്ന് പൂർണ്ണ തെളിവുകളില്ല. 1321 – ൽ രക്തസാക്ഷികളായ ഫ്രെഞ്ച് സന്യാസ വൈദികൻ ജോർഡനും, അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന 3 ഇറ്റാലിയൻ ഫ്രാൻസിസ്കൻ സന്യാസ വൈദികരും ഒരു അൽമായ സഹോദരനും ഗുജറാത്തിന്റെ അയൽ പ്രദേശമായ 'താനെ' യിലും ബറൂച്ചിലുമായി മിഷൻ പ്രവർത്തനം നടത്തിയിരുന്നുവെന്നും, ഇവരെ ഒരു വാദപ്രിതിവാദത്തിനിടെ മുസ്ലിം ഭരണകർത്താക്കൾ ശിരഛേദം നടത്തിയെന്നും വ്യക്തമായ ചരിത്രമുണ്ട് (R.H.S. Boyd, "A Church History of Gujarat", pg.1). അതുകൊണ്ട്, ഗുജറാത്തിൽ ക്രിസ്തുമതത്തിന്റെ ആരംഭം കുറിച്ചത് ബറൂച്ചിലാണെന്ന് നിസ്സംശയം പറയാം. ബറൂച്ച് ഇന്ന് ഗുജറാത്തിലെ നാല് കത്തോലിക്കാ രൂപതകളിലൊന്നായ 'ബറോഡ' രൂപതയിലാണ്.





വളരെ വളരെ വർഷങ്ങൾക്കുശേഷം, പോർച്ചുഗീസുകാരും, ഇംഗ്ലീഷുകാരും, ഫ്രഞ്ചുകാരും, മറ്റനേകം പ്രൊട്ടസ്റ്റൻറ് മതവിഭാഗത്തിൽപ്പെട്ടവരും ഗോവയിലും, ഗുജറാത്ത് തീരമായ

സൂറത്തിലും, ദമൻ–ഡ്യൂ എന്നീ പ്രദേശങ്ങളിലും, സൗരാഷ്ട്രയിലും മിഷൻ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. 1498–ൽ വാസ്കോഡിഗാമയുടെ വരവോടുകൂടി യൂറോപ്യൻ വ്യപാരികളും മിഷണറിമാരും ഈ പ്രദേശങ്ങളിലേക്ക് ഒഴുകി. 1509–ൽ പോർച്ച്ഗീസുകാർ ഗുജറാത്ത് തീരത്തുള്ള 'ഡ്യൂ' എന്ന ഇപ്പോഴത്തെ കേന്ദ്രഭരണപ്രദേശം പിടിച്ചടക്കി. 1510 –ൽ പോർച്ചുഗീസ് ഗവർണറായ അൽബമുർക്ക് 'ഗോവ' എന്ന മനോഹര തീരം കീഴടക്കി. ഇവിടെ ഇവർ 450–ൽ പരം വർഷങ്ങൾ ഭരിച്ചു; പള്ളികൾ പണിതു; ക്രിസ്തുമതം പ്രചരിപ്പിച്ചു. ഈ കാലഘട്ടത്തിലാണ് ഈശോ സഭാ മിഷണറിയായ വി. ഫ്രാൻസിസ് സേവ്യർ (1506–1552) ഗോവയിലെത്തുന്നത്. പോർച്ചുഗീസുകാരുടെ ഗുജറാത്ത് മിഷൻ പരിമിതമായിരുന്നെങ്കിലും ദമൻ, ഡ്യൂ എന്നിവ ആദ്യകാല ക്രിസ്ത്യൻ കേന്ദ്രങ്ങളായിരുന്നു. പോർച്ചുഗീസിൽനിന്നു വന്നവരിൽ ഏറിയ പങ്കും ഡൊമിനിക്കൻ, ഫ്രാൻസിസ്കൻ സന്യാസ വൈദികരായിരുന്നു.

ഗുജറാത്തിലെ ഏറ്റവും പ്രമുഖ പട്ടണങ്ങളിൽ ഒന്നായ സൂറത് ആയിരുന്നു മറ്റൊരു ക്രിസ്തുമത കേന്ദ്രം. 1640 – കളിൽ ഫ്രഞ്ച് കപ്പുച്ചിൻ വൈദികർ – (ഫാ. സെനോൻ ഓഫ് ബീഗും സംഘവും) ഇവിടെ സ്ഥിരമായി മിഷൻ പ്രവർത്തനം നടത്തുകയും 1654–ൽ ഒരു പള്ളി സ്ഥാപിക്കുകയുമുണ്ടായി. എലിസബത്ത് രാജ്ഞി (Queen Elizabeth -1) –യുടെ നിർദ്ദേശപ്രകാരം 1583 – ൽ ഇംഗ്ലീഷ് വ്യാപാരികൾ അക്ബർ ചക്രവർത്തിയെ കണ്ട് അന്ന് ഡൽഹി മുഗൾ ഭരണ പ്രദേശത്തിന്റെ കീഴിലായിരുന്ന സൂറത്തിൽ വ്യാപാരം നടത്തുന്നതിനുള്ള അനുമതി നേടുകയും, പിന്നീട് ഇംഗ്ലീഷ് പാതിരിമാർ സൂറത്തിൽ ചാപ്പലുകൾ നിർമ്മിക്കുകയും, പ്രാർത്ഥനകൾ നടത്തുകയും ചെയ്തിരുന്നുവെങ്കിലും, പൊതുവേ ഇംഗ്ലീഷുകാർ പ്രാദേശിക മതകാര്യങ്ങളുമായി ബന്ധപ്പെട്ടിരുന്നില്ല.

### പ്രൊട്ടസ്റ്റന്റ് ക്രൈസ്തവ സഭകൾ

പ്രൊട്ടസ്റ്റന്റ് വിഭാഗത്തിൽപ്പെട്ട അനേകം ക്രൈസ്തവ മിഷണറിമാർ ഗുജറാത്തിൽ മതപ്രചാരണത്തോടൊപ്പം, വിദ്യാലയങ്ങൾ, അനാഥശാലകൾ, ആശുപത്രികൾ, മറ്റ് ജീവകാരുണ്യപ്രവർത്തികൾ എന്നിവ നടത്തുകയും ചെയ്തിരുന്നു. അവ മുഖ്യമായും ആംഗ്ലിക്കൻസ് (Anglicans), ബാപ്റ്റിസ്റ്റ്സ് (Baptists), മെതൊഡിസ്റ്റ്സ് (Methodists), സി.എം.സ് (Church of Mission Society), I.P.S (Irish Presbytarian Society) എന്നിവരാണ്. ഇവർ ചെയ്തിരുന്ന ജീവകാരുണ്യപ്രവർത്തനങ്ങളും, സാംസ്കാരിക ഉന്നമനത്തിനായി സ്ഥാപിച്ച സ്കൂളുകളും, പ്രാദേശിക ഭാഷാ സ്നേഹികളായ ഇവരുടെ ഭാഷാ സേവനവും നിസ്തുലങ്ങളാണ്. ഗുജറാത്തി ഭാഷാ വ്യാകരണത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത്



ജെ. വി. എസ്. ടെയിലർ

ഇംഗ്ലീഷുകാരനായ J.V.S. Tailor ആണ്. 1869–ൽ അദ്ദേഹം രചിച്ച 'ഗുജറാത്തി ഭാഷയുടെ വ്യാകരണം' എന്ന ഗ്രന്ഥം അതി പ്രശസ്തവും ഭാഷാ പണ്ഡിതർ ഇന്നും പൊന്നുപോലെ കരുതുന്ന ഒരു കൃതിയുമാണ്. ഗുജറാത്തിലെ ആദ്യത്തെ പ്രിന്റിംഗ് പ്രസ് 1820–ൽ L.M.S. (London Missionary Society) മിഷണറിമാരാണ് സൂറത്തിൽ സ്ഥാപിച്ചത്. 1823–ൽ 'പഴയനിയമം' (Old Testament) മുഴുവനും, 1829–ൽ സമ്പൂർണ ബൈബിളും ഇവിടെ നിന്ന് 4 വാല്യങ്ങളിൽ പ്രസിദ്ധീകരിക്കുകയുണ്ടായി.

### റോമൻ കാത്തലിക് ഗുജറാത്ത് മിഷൻ

ഗുജറാത്ത് കത്തോലിക്കാ സഭക്ക് ആക്കം കൂട്ടിയ സംഭവമായിരുന്നു 1891 ഡിസംബർ 11–ാം തിയതി 18 സ്വദേശി ഗുജറാത്തികൾ ആനന്ദിലുള്ള കത്തോലിക്കാദേവാലയത്തിൽ വച്ച് മാമ്മോദീസ സ്വീകരിച്ചത്. ഇത് പള്ളിയിലെ Baptism Register-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബോംബെ രൂപതയിലെ വൈദികനായ ഫാ. സേവ്യർ മാനുവൽ ഗോമസ് ആണ് ഇവരെ ഒരുക്കിയതും ഇതിന് നേതൃത്വം നൽകിയതും. ആനന്ദിനടുത്തുള്ള മോഗ്രി ഗ്രാമത്തിലെ കുറേപ്പേർ മാമ്മോദീസ സ്വീകരിച്ച് ബോംബെയിലെ ക്രിസ്ത്യൻ സ്ഥാപനങ്ങളിൽ ഉണ്ടായിരുന്നു. അവരുടെ ബന്ധുക്കളാണ് പുതുതായി ജ്ഞാനസ്നാനം സ്വീകരിച്ച ഇവർ. ഇവരെല്ലാം 'വൺകർ' (നെയ്ത്തുകാർ) വിഭാഗത്തിൽപ്പെട്ടതായിരുന്നു.

സൗരാഷ്ട്രയും കച്ചും അടങ്ങുന്ന ഗുജറാത്തിന്റെ മുഴുവനും കാത്തലിക് മിഷൻ പ്രവർത്തനങ്ങൾ നടത്തിയിരുന്നത് സ്പാനിഷ് ഈശോ സഭാ വൈദികരായിരുന്നു. സ്പാനിഷ് കന്യാസ്ത്രീകളും, ഗോവാ, മാംഗ്ലൂർ, ബോംബെ തുടങ്ങിയ രൂപതകളിൽ നിന്നുള്ള ബഹു. സിസ്റ്റേഴ്സും ഇവിടെ സേവനമനുഷ്ഠിച്ചിരുന്നു.

ഈശോ സഭാ വൈദികരും അവർ വളർത്തിക്കൊണ്ടുവന്ന ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഇടവക വൈദികരും ഗുജറാത്തിൽ നിന്നുതന്നെയുള്ള തദ്ദേശീയ വൈദികരും കന്യാസ്ത്രീകളും ഗുജറാത്തിലെ കത്തോലിക്കാ സഭയെ സമ്പന്നമാക്കി, എല്ലാവിധത്തിലും. ധാരാളം സ്കൂളുകൾ, പള്ളികൾ, ആശുപത്രികൾ, അനാഥമന്ദിരങ്ങൾ, സ്വാശ്രയ സംഘങ്ങൾ, ബോർഡിംഗ് ഹൗസുകൾ, കോളേജുകൾ, പ്രിന്റിംഗ് പ്രസ്സ്, പുസ്തക രചന എന്നിവയിലെല്ലാം അവർ മുൻപന്തിയിൽ നിന്നു. ഗുജറാത്തി ഭാഷയിലെ ആദ്യ സമ്പൂർണ്ണ കത്തോലിക്കാ

ബൈബിൾ ഫാ. ഈസുദാസ് എസ്. ജെ.-യുടെ നേതൃത്വത്തിൽ പുറത്തിറക്കി. ആരാധനാഗീതം-കീർത്തൻ സാഗർ, ഏക കത്തോലിക്കാ മാസിക 'ദൂത്' എന്നിവ അവരുടെ സംഭാവനകളാണ്. ധാരാളം ആധ്യാത്മികവും മൂല്യബോധവുമുള്ള നൂറുകണക്കിന് പുസ്തകങ്ങൾ എഴുതി പ്രസിദ്ധീകരിച്ച സ്പാനിഷ് വൈദികൻ ഫാ. കാർളോസ് വാലസ് S.J., എത്രയോ അവാർഡുകൾ ഗുജറാത്ത് ഗവണ്മെന്റിൽ നിന്നും മറ്റ് സാംസ്കാരിക മേഖലകളിൽ നിന്നും നേടിയിരിക്കുന്നു! മലയാളിയായ ഫാ. വർഗീസ് പോൾ എസ്. ജെ., ഫാ. ഹെഡ്വിഗ് ലെവിസ് എസ്. ജെ.-യും അനേകം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.



ഭുജിലെ ആദ്യത്തെ കാത്തോലിക്കാ ദേവാലയം ആരംഭ കാലങ്ങളിൽ

രാജ്കോട്ട് രൂപതയുടെ ഭാഗമായ 'കച്ച്' ഒരു വേറിട്ട വലിയ നാട്ടുരാജ്യമായിരുന്നു. കച്ച് രാജാവിന്റെ ഇംഗ്ലീഷ് ട്യൂട്ടറായിരുന്ന ആംഗ്ലിക്കൻ മിഷണറി ജെയിംസ് ഗ്രേ ആണ് ആദ്യമായി കച്ചി ഭാഷയിൽ സുവിശേഷം പ്രിന്റ് ചെയ്തത്. കച്ചി ഭാഷയിലച്ചടിച്ച ആദ്യത്തെ ഗ്രന്ഥമാണിത്. കച്ചിലെ ഏറ്റവും വലിയ പട്ടണമായ 'ഭുജ്' ലാണ് ഇപ്പോഴത്തെ രാജ്കോട്ട് രൂപതയിലെ ആദ്യ കത്തോലിക്കാ ദേവാലയമായ 'മൗണ്ട് കാർമ്മൽ' 1836 - ൽ ഇംഗ്ലീഷുകാർ പണിയിപ്പിച്ചത്. അന്ന് ഇത് ബോംബെ അതിരൂപതയുടെ ഭാഗമായിരുന്നു. ഗുജറാത്തിൽ ഒരു രൂപതയും ഇല്ലാതിരുന്ന കാലത്ത് ഗുജറാത്ത് മുഴുവനും ബോംബെ അതിരൂപതയുടെ കീഴിലായിരുന്നു. ഇന്ന് ഗുജറാത്തിൽ നാലു കത്തോലിക്കാ രൂപതകളാണുള്ളത്; അഹമ്മദാബാദ്, ബറോഡ, രാജ്കോട്ട്, ഗാന്ധിനഗർ. രാജ്കോട്ട് സീറോ മലബാർ രൂപതയും, മറ്റ് മൂന്ന് ലത്തീൻ രൂപതകളുമാണ്. ഈ നാലു രൂപതകളും നിലവിൽ വരുന്നതിന് മുമ്പ് തന്നെ ബോംബേ അതിരൂപതയുടെ കീഴിലായിരുന്ന ഗുജറാത്തിൽ, ഭുജ്, അഹമ്മദാബാദ്, രാജ്കോട്ട്, സൂറത്ത്, ബറൂച്ച്, വൽസാഡ്, ബറോഡ, ഭാവ്നഗർ, ജാംനഗർ, പോർബന്തർ, ജുനാഗഡ്, ആനന്ദ്, നടിയാദ്, വടത്തൽ, കരംസദ് എന്നീ സ്ഥലങ്ങളിൽ കത്തോലിക്കാ ദേവാലയങ്ങൾ ഉണ്ടായിരുന്നു.

# നമ്മുടെ മിഷണറിമാർ ഗുജറാത്തിൽ




ആയിരത്തി തൊള്ളായിരത്തി എഴുപത്തി രണ്ടാമാണ്ടാണ് സി.എം.ഐ. വൈദികർ ഗുജറാത്തിൽ എത്തുന്നത്. ലോകമെങ്ങും സുവിശേഷമേകുവാനായി പോകാനുള്ള ഗുരുവചനമാണിതിനു പ്രേരകമായതെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. സി.എം.ഐ. സഭയുടെ വിവിധ പ്രവിശ്യാഗംങ്ങളടങ്ങിയ ആറു പേരായിരുന്നു ആദ്യസംഘത്തിലുണ്ടായിരുന്നത്. അഹമ്മദാബാദ് രൂപതയുടെയും ആ രൂപതയിൽ പ്രവർത്തിച്ചിരുന്ന ഈശോ സഭാ വൈദികരുടെയും ക്ഷണമനുസരിച്ചാണ് നമ്മുടെ മിഷണറിമാർ ഗുജറാത്തിൽ എത്തിയത്. രാജ്കോട്ട്, ജുനാഗഡ്, സുരേന്ദ്രനഗർ, ഭാവ്നഗർ ജില്ലകൾ ഉൾപ്പെട്ട സൗരാഷ്ട്രയും, കച്ച് ജില്ലയും ഉൾപ്പെടുത്തി, രാജ്കോട്ട് രൂപതക്ക് 1977 ൽ രൂപം നൽകി. ഇവിടെ പ്രവർത്തിച്ചു കൊണ്ടിരുന്ന ഈശോസഭാ വൈദികരുടെ തുറന്ന




മനസിന്റെയും അനന്യമായ ഉദാരതയുടെയും ദൈവരാജ്യസ്ഥാപനത്തിനുള്ള അഗാധമായ അഭിവാഞ്ചയുടെയും പ്രതിഫലനമായിരുന്നു പുതിയ രൂപതാ സ്ഥാപനവും, സി.എം.ഐ വൈദികരുടെ ആഗമനവും. സൗരാഷ്ട്രയിലും കച്ചിലുമുണ്ടായിരുന്ന എല്ലാ സ്ഥാപനങ്ങളും, അവരുടെ സ്ഥാപര ജംഗമ വസ്തുവകകൾക്കൊപ്പം അവർ സി.എം.ഐ സഭക്ക് കൈമാറുകയുണ്ടായി.

രാജ്കോട്ട് രൂപതയുടെ പ്രഥമ മെത്രാനായി അഭിവന്ദ്യ ജോനാസ് തളിയത്ത് സി.എം.ഐ. പിതാവ് നിയമിതനായി. ക്രാന്തദർശിയും അഗാധ പണ്ഡിതനുമായ അദ്ദേഹം സുവിശേഷവൽക്കരണവും ജനങ്ങളുടെ നന്മയും ലക്ഷ്യമാക്കിയുള്ള ഒരു പ്രവർത്തന ശൈലിയാണ് വിഭാവനം ചെയ്തത്. എന്നാൽ സർവ്വശക്തനായ ദൈവത്തിന്റെ പദ്ധതി മറ്റൊന്നായിരുന്നു. കേവലം നാലുവർഷത്തെ രൂപതാഭരണത്തിനുശേഷം 1981-ൽ അദ്ദേഹം നിത്യ സമ്മാനത്തിനായി പുറപ്പെട്ടു.


മാർ ജോനാസ് തളിയത്ത് സി.എം.ഐ.



മാർ ഗ്രിഗറി കരോട്ടെമ്പ്രേൽ
സി.എം.ഐ.

സി.എം.ഐ സഭാംഗം തന്നെയായ അഭിവന്ദ്യ ഗ്രിഗറി കരോട്ടെമ്പ്രേൽ പിതാവാണ് ഇനിയും ശൈശവ ദശ കടന്നിട്ടില്ലാതിരുന്ന രൂപതയെ നയിക്കുവാൻ പിന്നീട് നിയമിക്കപ്പെട്ടത്. ലാളിത്യ മനോഭാവവും മനുഷ്യ സ്നേഹവും മുഖമുദ്രയായുള്ള അദ്ദേഹത്തിന്റെ ഭരണത്തിൻ കീഴിൽ രൂപത അതിവേഗം വളർന്ന് പന്തലിച്ചു. ഇരുപത്തിയേഴ് കൊല്ലത്തെ രൂപതാ ഭരണത്തിന് ശേഷം 2010–ൽ അദ്ദേഹം രൂപതാധ്യക്ഷ സ്ഥാനത്ത് നിന്നു വിരമിച്ചു. അതിന് ശേഷം അഭിവന്ദ്യ ജോസ് ചിറ്റൂപറമ്പിൽ സി.എം.ഐ. യാണ് രൂപതാ സാരഥ്യം ഏറ്റെടുത്തത്.



മാർ ജോസ് ചിറ്റൂപറമ്പിൽ
സി.എം.ഐ.

രാജ്കോട്ട് രൂപതയുടെ അതിശയകരമായ വളർച്ചയുടെയും അതിവേഗത്തിലുള്ള പുരോഗതിയുടെയും കാരണക്കാർ, കയ്യും, മെയ്യും മറന്ന്, സുഖസൗകര്യവാൻച തെല്ലുമില്ലാതെ പട്ടണ–ഗ്രാമ ഭേദമെന്യേ ഒരേ മനസ്സോടും സമഭാവനയോടും കൂടി സേവനമനുഷ്ഠിച്ച സി.എം.ഐ. വൈദികരും, അവരോടൊപ്പം ഉറച്ചുനിന്ന് ദൈവരാജ്യ സ്ഥാപനത്തിനായി യത്നിച്ച വിവിധ സന്യാസ സഭകളിലെ സഹോദരിമാരുമാണെന്ന് നിസ്സംശയം പറയാം.



പ്രേം മന്ദിർ കത്തീഡ്രൽ ദേവാലയം

രൂപതയുടെ വളർച്ചയോടൊപ്പം സി.എം.ഐ. സഭയുടെ പ്രവർത്തന മേഘലകളും വികസിച്ചുവന്നു. അയിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിമൂന്നിൽ രാജ്കോട്ട് സെന്റ്. സേവ്യേഴ്സ് പ്രവിശ്യ സ്ഥാപിതമായി. രാജ്കോട്ട്, ജാംനഗർ, സുരേന്ദ്രനഗർ, മോർബി എന്നീ ജില്ലകളും, കച്ച്, ദേവ്ഭൂമി ദ്വാരകയുടെ ഏതാനും ചില താലൂക്കുകളും ഉൾപ്പെടുന്നതാണിത്. രണ്ടായിരത്തി പതിനൊന്നിൽ ഭാവ്നഗർ, അമ്രേലി, ജുനാഗഡ്, പോർബന്തർ എന്നീ ജില്ലകൾ ഉൾപ്പെടുത്തി സെന്റ്. ചാവറ പ്രവിശ്യയും രൂപംകൊണ്ടു. ഇപ്പോൾ രണ്ട് പ്രവിശ്യകളിലുമായി ഏതാണ്ട് 140 ൽ പരം സി.എം.ഐ. വൈദികർ ഗുജറാത്തിൽ സേവനമനുഷ്ഠിക്കുന്നുണ്ട്.



ദയാമയി മാതാ ദേവാലയം,
സുരേന്ദ്രനഗർ



ഇമ്മാക്യുലേറ്റ് കൺസെപ്ഷൻ ദേവാലയം,
രാജ്കോട്ട്



സേക്രഡ് ഹാർട്ട് ദേവാലയം,
ജാംനഗർ



സെന്റ് ആൻസ് ദേവാലയം,
ജൂനാഗഡ്



സെന്റ് മേരീസ് ദേവാലയം,
ഭുജ്



സെന്റ് തോമസ് ദേവാലയം,
ഗാന്ധിധാം




സെന്റ് സേവ്യേഴ്സ് ദേവാലയം,
ഭാവ്നഗർ



സ്റ്റെല്ലാ മേരീസ് ദേവാലയം,
വേരാവൽ

# സെന്റ് സേവ്യേഴ്സ് പ്രൊവിൻസ്, രാജ്കോട്ട്

**കൊച്ചിയിലെ തിരുഹൃദയ പ്രവിശ്യയുടെ കീഴിലുള്ള ഒരു റീജിയൺ ആയിരുന്ന രാജ്കോട്ട് മിഷൻ, 1993–ൽ ഒരു സ്വതന്ത്ര പ്രവിശ്യയായിത്തീർന്നു. ബഹു. ജോൺ നടുവത്തുശ്ശേരിയച്ചനായിരുന്നു പ്രഥമ പ്രൊവിൻഷ്യാൾ. ബഹു. സാവിയോ പട്ടറ, മാരിയൂസ് മാണിക്കനാംപറമ്പിൽ, പോൾ കണ്ണാർക്കാട്ട്, പോൾ വിതയത്തിൽ, ജോസ് ചിറ്റൂപറമ്പിൽ, തോമസ് കോലംകുഴിയിൽ, പീറ്റർ കൊച്ചാലുങ്കൽ എന്നീ വൈദികരും പ്രവിശ്യാധിപൻമാരായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ബഹു. ജെയിംസ് തയ്യിൽ അച്ചനാണ് ഇപ്പോഴത്തെ പ്രൊവിൻഷ്യാൾ. കേരളത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നും ഗുജറാത്തിൽ നിന്നുമായി 83 വൈദികരാണ് ഇന്നീ പ്രവിശ്യയിലുള്ളത്.**



**ബിഷപ് ജോനാസും മറ്റ് പതിനാറ് വൈദികരും ഗുജറാത്തിന്റെ മിഷൻ പ്രദേശങ്ങളിൽ ചോര നീരാക്കി അഹോരാത്രം അധ്വാനിച്ച ശേഷം തങ്ങളുടെ കർമ്മഭൂമിയായ ഈ മണ്ണിൽ തന്നെ അന്ത്യ വിശ്രമം കൊള്ളുന്നു.**




സെന്റ് സേവ്യേഴ്സ് പ്രൊവിൻഷ്യാൾ ഹൗസ്, രാജ്കോട്ട്







# വയലേലകളിൽ



അന്ധന് കാഴ്ചയാണ് സുവിശേഷം,
ബധിരന് കേൾവിയും; വിശക്കുന്നവനപ്പവും; ദാഹിക്കുന്നവന് ജലവും.
അവിദ്യ വാഴുന്നിടത്ത് വിദ്യയായുമതെത്തും.
ആതുര സേവനവും അജപരിപാലനവും
സുവിശേഷത്തിന്റെ കർമ്മ മാർഗ്ഗങ്ങൾ തന്നെ!
ഈശ ഭക്തിയിലൂടെ പര:ജ്ഞാനത്തിലെത്തുന്നതും
ജ്ഞാന മാർഗ്ഗത്തിലൂടെ മോക്ഷം പ്രാപിക്കുന്നതും
സുവിശേഷ ബദ്ധ ജീവിതങ്ങൾ.
ചെറിയവരിലൊരുവർക്കുവേണ്ടി ചെയ്യുന്നതെന്തും
ഈശ്വര സേവയാണെന്ന തിരിച്ചറിവ്
സഭാസ്ഥാപകനായ വി. ചാവറ പിതാവിലൂടെ കണ്ടറിഞ്ഞവർ,
കർമ്മലീത്താരൂപിയിൽ തങ്ങളുടെ ജീവിതങ്ങൾ തന്നെ ഹോമം ചെയ്യുമ്പോൾ
സർവ്വപരിത്യാഗിയായ സന്യാസിയും
കർമ്മനിരതനാകുന്നു.



# വയലേല കാഴ്ചകൾ

**ഗുജറാത്തിലെ രാജ്കോട്ട് രൂപത:**
**സി.എം.ഐ. വൈദികരുടെ കർമ്മഭൂമികളിലൊന്ന്.**
**അതിലെ വയലേലകളിലൂടെയാവട്ടെ നമ്മുടെ ഇനിയുള്ള യാത്ര.**

ഗുജറാത്തിൽ നമ്മുടെ പ്രവർത്തന മണ്ഡലങ്ങൾ പ്രധാനമായും രാജ്കോട്ട്, ജാംനഗർ, ദേവ്ഭൂമി ദ്വാരക, സുരേന്ദ്രനഗർ, മോർബി, കച്ച് എന്നീ ജില്ലകളാണ്. വിദ്യാഭ്യാസ മേഖലയിലാണ് നമ്മുടെ മിഷണറിമാർ കൂടുതൽ ശ്രദ്ധ പതിപ്പിച്ചിരിക്കുന്നത്. ഇംഗ്ലീഷ് വിദ്യാഭ്യാസ സൗകര്യം വളരെ അപൂർവ്വമായിരുന്നു ഗുജറാത്തിൽ. എന്നാൽ മിഷണറിമാരുടെ വരവോടെ ഒരു വൻ കുതിപ്പു തന്നെ ഇവിടുത്തെ വിദ്യാഭ്യാസ രംഗത്തുണ്ടായി.

## വിദ്യാഭ്യാസം





സി.എം.ഐ. സഭ ഗുജറാത്തിലെത്തുന്നതിനു മുൻപ് ഈശോ സഭക്കാരായിരുന്നു അജപാലന–പ്രേഷിത പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ചത്. വിദ്യാഭ്യാസ രംഗത്തായിരുന്നു അവർ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. അവരുടെ കാൽപാടുകൾ പിൻതുടർന്ന് സി.എം.ഐ. വൈദികരും അതേ രംഗത്താണ് പ്രധാനമായും പ്രവർത്തിക്കുന്നത്. ഈശോസഭക്കാർ നടത്തി വന്നിരുന്ന രണ്ട് വലിയ സ്കൂളുകൾക്ക് പുറമെ ഏതാണ്ട് അമ്പതോളം പുതിയ സ്കൂളുകൾ സി.എം.ഐ. സഭ സ്ഥാപിക്കുകയുണ്ടായി. ഓരോ ജാതിക്കാരും തങ്ങളുടെ ജാതിയിൽപ്പെട്ട കുട്ടികൾക്കായി പല സ്കൂളുകളും (ഛാത്രാലയങ്ങൾ) നടത്തി പോന്നിരുന്നു. എന്നാൽ

മിഷണറി സ്കൂളുകളിൽ എല്ലാ മത, ജാതി വിഭാഗങ്ങളും ഒന്നിച്ച് പഠിക്കുന്നു. ഒരു പക്ഷേ ഗുണമേന്മയുള്ള ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടൊപ്പം കുട്ടികളിൽ സമഭാവനയും ജാതി മത ഭേദമില്ലാത്ത ഒരു സംസ്കാരവും വളർത്തിയെടുക്കുന്നു എന്നതാണ് നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കൊണ്ട് സാധിതമാകുന്ന അമൂല്യമായ നേട്ടങ്ങളിൽ പ്രധാനം.

### അജപാലനം



ഗുജറാത്തിൽ പൊതുവേയും രാജ്കോട്ട് രൂപതയിൽ പ്രത്യേകിച്ചും ക്രൈസ്തവരുടെ എണ്ണം വളരെ കുറവാണ്. എന്നിരുന്നാലും ജോലിക്കും മറ്റുമായി ഇവിടെയെത്തുന്ന അന്യസംസ്ഥാന ക്രൈസ്തവ സഹോദരങ്ങളുടെ അജപാലനാവശ്യങ്ങൾ നടത്തി കൊടുക്കുന്നത് നമ്മുടെ അച്ചന്മാർ തന്നെ. പതിനഞ്ചോളം വരുന്ന ഇടവകകളും, മുപ്പതോളം വരുന്ന അർദ്ധ ഇടവകകളും, അമ്പതോളം വരുന്ന മിഷൻ കേന്ദ്രങ്ങളും നമ്മുടെ വൈദികരുടെ നേതൃത്വത്തിൽ തന്നെയാണ് പ്രധാനമായും നടത്തിപ്പോരുന്നത്.

### ബോർഡിംഗ് ഹൗസുകൾ





വിദ്യാഭ്യാസ സൗകര്യങ്ങൾ കൂടുതലും പട്ടണ പ്രദേശങ്ങളിലായിരുന്നു കേന്ദ്രീകരിച്ചത്. പാവങ്ങളും പിന്നോക്ക ജാതിക്കാരുമായ ഗ്രാമീണ ജനതക്ക് ഇവ ലഭ്യമാക്കുന്നതിനായ് വിവിധ സ്ഥലങ്ങളിൽ ബോർഡിംഗ് സ്കൂളുകൾ തുടങ്ങുകയുണ്ടായി. ഗ്രാമങ്ങളിലെ കുട്ടികളെ ഇവിടെ പഠിപ്പിക്കുകയും, അവരോടൊത്ത് താമസിക്കുകയും അവരുടെ ഭക്ഷണ രീതികളും

മറ്റും അവലംബിക്കുകയും ചെയ്യുക എന്ന അതികഠിനമായ യത്നം അനായാസമായും അതീവ ഉത്സാഹത്തോടും സമർപ്പണ മനോഭാവത്തോടുംകൂടിയാണ് നമ്മുടെ മിഷണറിമാർ ചെയ്യുന്നത്.

## ആതുര സേവനം





വീട്ടുകാരും ബന്ധുക്കളും ഉപേക്ഷിച്ച് മരണത്തെ മുന്നിൽ കണ്ടുകൊണ്ട് തെരുവിലലയുന്ന എയിഡ്സ് രോഗികൾക്കായ് നാം അധുനിക സൗകര്യങ്ങളോടു കൂടിയ ഒരു ഭവനം തുടങ്ങിയിട്ടുണ്ട്. നിരാലംബരായ ഈ രോഗികൾ നമ്മുടെ അച്ചന്മാരുടെയും സിസ്റ്റേഴ്സിന്റെയും പരിചരണങ്ങൾ ഏറ്റുവാങ്ങിയാണ് അന്തിമ യാത്ര പറയുന്നത്. ശ്മശാന യാത്ര, ദഹിപ്പിക്കൽ മുതലായ അന്തിമ ക്രിയകളും നമ്മുടെ മിഷണറിമാർ തന്നെയാണ് നടത്തുക. അംഗഭംഗമുള്ളവരും ഭിന്ന ശേഷിക്കാരുമായ കുട്ടികളുടെ പരിചരണവും പരിശീലനവും നമ്മുടെ പ്രേഷിത പ്രവർത്തനത്തിന്റെ ഭാഗം തന്നെ.

## ആത്മീയ പാതയിൽ

പുസ്തകശാലകളുടെ നടത്തിപ്പും, പ്രസിദ്ധീകരണങ്ങളും നമുക്ക് പ്രേഷിതപ്രവർത്തനത്തിന്റെ ഭാഗം തന്നെ. ആദ്ധ്യാത്മികവും ലളിതജീവിതവുമാണ് ഗുജറാത്തിലെ ജനങ്ങൾക്ക് അനായാസം മനസിലാകുന്ന ഭാഷ. ആയിരക്കണക്കിന് ഹിന്ദു, ബുദ്ധ, ജൈന സന്യാസി-സന്യാസിനികളുടെ സാന്നിദ്ധ്യത്താൽ



ക്രിസ്താനന്ദച്ചന്റെ ആശ്രമം

അനുഗ്രഹീതമാണ് ഗുജറാത്ത്. ഇവരെ ജനങ്ങൾ അതീവ ബഹുമാനത്തോടും ആദരവോടും കൂടിയാണ് കാണുന്നത്. ലളിതമായ ജീവിത ശൈലിയിൽ ആശ്രമ ജീവിതം നയിക്കുന്ന നമ്മുടെ ക്രിസ്താനന്ദച്ചൻ, ഹൈന്ദവ പുണ്യ മലയായ ഗിർണാറിലാണ് വസിക്കുന്നത്. ജുനാഗഡിൽ നിന്ന് ഏകദേശം ഒരു മണിക്കൂർ വനാന്തരങ്ങളിലൂടെ നടന്ന് വേണം അച്ചന്റെ കുടിലിലെത്താൻ. എന്നാലും നൂറുകണക്കിന് ഭക്തജങ്ങൾ (ഭൂരിഭാഗവും ഹൈന്ദവരാണ്) അച്ചന്റെ ദർശനത്തിനായി ഇവിടെ എത്തുന്നുണ്ട്. ഗീർവനത്തിന്റെ ഒരു ഭാഗമായ ആത്മേശ്വരത്താണ് അച്ചന്റെ ആശ്രമമെന്നതിനാൽ സിംഹം, പുലി മുതലായ വന്യജീവികളുടെ സാന്നിധ്യവും ധാരാളമായുണ്ടിവിടെ. ആത്മാവിന്റെ ശക്തിയും ക്രിസ്തുനാഥന്റെ സാന്നിധ്യവും പരി. അമ്മയുടെ സംരക്ഷണവും വി. ചാവറപ്പിതാവിന്റെ കരുതലും അച്ചനെ സുരക്ഷിതമായി കാക്കുന്നു.

മോർബി ജില്ലയിലെ ദ്രോളിയ ഗ്രാമത്തിൽ ഒരു പ്രാർത്ഥനാ കേന്ദ്രവും നമ്മൾ നടത്തുന്നുണ്ട്. വൈദികർ, സന്യാസിനികൾ, അൽമായർ മുതലായ എല്ലാവർക്കും ഇവിടെ വന്ന് താമസിച്ച് പ്രാർത്ഥിക്കുന്നതിനുള്ള സൗകര്യവും ഉണ്ട്.



നവജ്യോതി ട്രെയിനിംഗ് സെന്റർ, ദ്രോളിയ

### കൃഷി

പൊതുവേ വരണ്ടതും മഴകുറവുള്ളതുമായ കാലാവസ്ഥയാണ് ഗുജറാത്തിലേത് എങ്കിലും വിഭിന്നങ്ങളായ കൃഷികളിലും, പശുപാലനം മുതലായ ജോലികളിലും നമ്മുടെ മിഷണറി സാന്നിധ്യമുണ്ട്.





ഈന്തപ്പനത്തോട്ടം

# തുടരുന്ന യാത്ര

ലോകമെങ്ങും പോയി സുവിശേഷം അറിയിക്കുവാനുള്ള ക്രിസ്തുനാഥന്റെ കൽപന ശിരസിലേറ്റി, സെന്റ്. സേവ്യേഴ്സ് പ്രവിശ്യാംഗങ്ങളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സേവനം ചെയ്യുന്നു. ബ്രസീൽ, ഇക്വഡോർ, നമീബിയ, കാനഡ, ജർമ്മനി, ഇറ്റലി, അമേരിക്ക, ഫിലിപ്പൈൻസ് മുതലായ രാജ്യങ്ങളിൽ നമ്മുടെ പ്രവിശ്യാംഗങ്ങൾ സേവനം അനുഷ്ഠിക്കുന്നു. ഇവക്കുപുറമെ ഭാരതത്തിൽ, ന്യൂഡൽഹി, പൂനെ, ബാംഗ്ലൂർ, വാർദ്ധാ, ഭോപ്പാൽ എന്നിവിടങ്ങളിലും നമ്മുടെ മിഷണറിമാർ സജീവ സാന്നിദ്ധ്യമാകുന്നു.

## നമീബിയ





## ജർമ്മനി







## ബ്രസീൽ







## ഫിലിപ്പൈൻസ്





## അമേരിക്ക





# അവിചാരിതമീ യാത്ര

ഫാ. മേരീദാസൻ, ഓലിയപ്പുറം സി.എം.ഐ



ആയിരത്തി തൊള്ളായിരത്തി എഴുപത്തിനാല്, ഏപ്രിൽ 10. ഈ ദിവസത്തിന് എന്റെ ജീവിതത്തിൽ എന്തെങ്കിലും ഒരു പ്രത്യേക സ്ഥാനം ലഭിക്കുമെന്ന് ഞാൻ കരുതിയിരുന്നില്ല. ഏതാണ്ട് രണ്ടു കൊല്ലങ്ങൾക്കു മുമ്പ്, അതായത് 1972, ഡിസംബർ മാസത്തിലായിരുന്നു എന്റെ തിരുപ്പട്ട സ്വീകരണം. അതിനു ശേഷമുള്ള ബാക്കി പഠനങ്ങൾക്കായി ബാംഗ്ലൂർ ധർമ്മാരാം കോളേജിലായിരുന്നു ഞാൻ, ഇതിനിടയിൽ തന്നെ ബി.എഡ്. പഠനവും പൂർത്തിയാക്കിരുന്നു. അതിനാൽ തിരുപ്പട്ടാനന്തര കോഴ്സ് കഴിഞ്ഞാലുടൻ ഏതെങ്കിലും കർമ്മ രംഗത്തേക്ക് ഇറങ്ങുവാനുള്ള മാനസിക തയ്യാറെടുപ്പിലുമായിരുന്നു. ആ സമയത്താണ്, അതായത് 1974, ഏപ്രിൽ മാസം ആദ്യം തന്നെ ബഹുമാനപ്പെട്ട റെക്ടറച്ചൻ ഞങ്ങൾ മൂന്ന് പേരെ, (ഫാ. ജോസ് വരിക്കശ്ശേരി, ഫാ. ഇഗ്നേഷ്യസ് പ്ലാത്താനം എന്നിവരായിരുന്നു മറ്റ് രണ്ട് പേർ) വിളിച്ചിട്ടു പറഞ്ഞു നിങ്ങളെ ഗുജറാത്ത് മിഷനയക്കുവാൻ പെരിയ ബഹുമാനപ്പെട്ട ജനറാളച്ചൻ ആഗ്രഹിക്കുന്നുവെന്ന്. ജനറാളച്ചന്റെ ആഗ്രഹമതാണെങ്കിൽ, ദൈവ നിശ്ചയവും അതു തന്നെ എന്ന് മനസ്സിൽ കരുതി, ഉടൻ തന്നെ ഞങ്ങൾ സമ്മതം അറിയിക്കുകയും ചെയ്തു.

പട്ട സ്വീകരണ ശേഷമുള്ള കാലഘട്ടത്തിൽ എന്റെ പ്രേഷിതരംഗം എവിടെയായിരിക്കണമെന്ന് ഞാൻ പലവട്ടം ആലോചിക്കുകയുണ്ടായിട്ടുണ്ട്. ഒരു മിഷണറിയായിത്തീരണമെന്ന കലശലായ ആഗ്രഹം എന്നിൽ ഉടലെടുത്തു. ഡീക്കനായിരുന്ന കാലത്ത്, ഞാൻ അംഗമായിരുന്ന കളമശ്ശേരി തിരുഹൃദയ പ്രവിശ്യയുടെ കീഴിലുള്ള ബിജ്നോർ മിഷനിൽ ഏതാനും മാസങ്ങൾ ചിലവഴിക്കുവാൻ അവസരം ലഭിച്ചിരുന്നു. അതിനാൽ തന്നെ ആ മിഷനോട് ഒരു ആന്തരിക അടുപ്പം തോന്നുകയും ചെയ്തു. അതുകൊണ്ട് എന്റെ വൈദിക ജീവിതം ഉത്തർപ്രദേശിലെ ബിജ്നോർ മിഷനിൽ തന്നെയാകട്ടെയെന്ന് ഞാൻ നിശ്ചയിച്ചു.

തിരുപ്പട്ട സ്വീകരണത്തിന് മുൻപ് തന്നെ എന്റെ തീരുമാനം രൂപപ്പെട്ടിരുന്നതിനാൽ, തിരുപ്പട്ട സ്വീകരണ വേളയിൽ കൃതജ്ഞതാ പ്രകടന സമയത്ത് എന്റെ ഈ തീരുമാനം എല്ലാവരേയും

പരസ്യമായി അറിയിക്കണമെന്നും വിചാരിച്ചിരുന്നു. എന്നാൽ സമയമായപ്പോൾ ഞാൻ ബിജ്നോറിന് പോകുന്നുവെന്ന കാര്യം പറയുവാൻ അമ്മേ മറന്ന് പോയി! എന്നാലും പിന്നീടുള്ള സമയത്തെല്ലാം ആ തീരുമാനം എന്നിൽ രൂഢമൂലമായിക്കൊണ്ടിരുന്നു. അങ്ങനെയിരിക്കുമ്പോഴാണ് ബഹു. ജനറാളച്ചന്റെ അറിയിപ്പ് വരുകയും ഗുജറാത്തിലെ രാജ്കോട്ട് മിഷനിലേക്ക് പോകുവാൻ തീരുമാനിക്കുകയും ചെയ്തത്. ദൈവത്തിന്റെ വഴികൾ അജ്ഞാതങ്ങൾ തന്നെ!



അങ്ങനെ 1974 ഏപ്രിൽ 10–ന് ഞങ്ങൾ ബാംഗ്ലൂർ റെയിൽവെ സ്റ്റേഷനിൽ നിന്ന് ഗുജറാത്തിലെ ജാംനഗറിലേക്ക് യാത്ര തിരിച്ചു. അതോടെ ആ ദിവസം ഞങ്ങളുടെ ജീവിതത്തിലെ അവിസ്മരണീയ ദിവസങ്ങളിൽ ഒന്നായി. കേവലം ഒരാഴ്ച മാത്രമേ ഞങ്ങൾക്ക് യാത്രക്കുള്ള തയ്യാറെടുപ്പിന് ലഭിച്ചുള്ളു. അതിനാൽ കേരളത്തിൽ വന്ന് മാതാ പിതാക്കളോടും ബന്ധുമിത്രാദികളോടും യാത്ര പറയുവാൻ പോലും സാധിച്ചില്ല.

ആകാംക്ഷാപൂരിതമായിരുന്നു ആ യാത്ര. ഒരിക്കലും കണ്ടിട്ടില്ലാത്ത സ്ഥലത്തേക്കായിരുന്നതിനാൽ അൽപം ആശങ്കയും ഇല്ലാതില്ല. മുൻകൂർ ടിക്കറ്റ് റിസർവ്വ് ചെയ്യാതിരുന്നതിനാൽ തെല്ലു ദുരിതപൂർണവുമായിരുന്നു, ഗുജറാത്തിലെ പ്രേഷിത വയലിലേക്കുള്ള ഞങ്ങളുടെ കന്നി യാത്ര. എന്നിരുന്നാലും ഞങ്ങളുടെ ജീവിതത്തിൽ പുതിയതെന്തോ സംഭവിക്കുന്നുവെന്ന ചിന്ത ഞങ്ങളുടെ മനസ്സിനെ ആനന്ദപൂരിത–വുമാക്കിയിരുന്നു. കർണാടകയും ആന്ധ്രപ്രദേശുമൊക്കെ കടന്ന് ഞങ്ങൾ ഏപ്രിൽ 11–ന് വൈകുന്നേരം ബോംബെയിലെത്തി. റെയിൽവെ സ്റ്റേഷനിലെ ആൾത്തിരക്ക് കണ്ട് ഞങ്ങൾ ശരിക്കും അമ്പരന്ന് പോയെന്ന് പറയാം.

ഗുജറാത്തിനുള്ള തീവണ്ടിയെത്തിയപ്പോൾ തിക്കും തിരക്കും അനിയന്ത്രിതമായി വർദ്ധിച്ചു. അതിനുള്ളിൽ കടന്നുകൂടുക ദുഷ്കരമായി തന്നെ തോന്നി. എന്നാൽ അതിലെ വന്ന ഒരു ചുമട്ടു തൊഴിലാളി, ഉന്തിയും തള്ളിയും വണ്ടിക്കുള്ളിൽ കയറുകയും ഞങ്ങൾക്കായ് 3 സീറ്റുകൾ തരപ്പെടുത്തുകയും ചെയ്തു. കാവൽ ദൂതനായി വന്ന അയാളോട് നന്ദി പറഞ്ഞ് ഒരു ചെറിയ തുക പാരിതോഷികമായി നൽകുകയും ചെയ്ത് ഞങ്ങൾ ഗുജറാത്ത് ലക്ഷ്യമാക്കിയുള്ള യാത്രയുടെ രണ്ടാം ഘട്ടം തുടങ്ങി. പിറ്റെ ദിവസം, അതായത് ഏപ്രിൽ 12–ന് ഉച്ച കഴിഞ്ഞ് രണ്ട് മണിയോടുകൂടെ, ഞങ്ങളെ വഹിച്ചുള്ള ട്രെയിൻ ജാംനഗർ സ്റ്റേഷനിലെത്തി. അവിടെ ഞങ്ങളെ സ്വീകരിക്കാനായി ഫാ. മോഡസ്റ്റ് പുറത്തയിൽ എത്തിയിരുന്നു. സി.എം.ഐ സഭയുടെ ഗുജറാത്ത് മിഷൻ ആരംഭിച്ച വർഷം, അതായത് 1972–ൽ തന്നെ ഗുജറാത്തിലെത്തിയതായിരുന്നു മോഡസ്റ്റച്ചൻ.

റെയിൽവെ സ്റ്റേഷനിൽ നിന്ന് ഞങ്ങൾ നേരെ പോയത് ഈശോ സഭാ വൈദികർ നടത്തുന്ന സെന്റ്. സേവ്യേഴ്സ് സ്കൂളിലേക്കായിരുന്നു. ഊഷ്മളതാപൂർണമായ വരവേൽപാണ് ഞങ്ങൾക്ക് അവിടെ ലഭിച്ചത്. അഹമ്മദാബാദ് രൂപത വിഭജിച്ച് രാജ്കോട്ട് രൂപതക്ക് രൂപം നൽകിയപ്പോൾ, ഈശോ സഭാ വൈദികർ സി.എം.ഐ സഭയെ ഏൽപിച്ച

സ്കൂളുകളിലൊന്നായിരുന്നു, ജാംനഗറിലെ ഈ പ്രഖ്യാതമായ സ്കൂൾ. ഈ സ്കൂളിൽ അദ്ധ്യാപകനായിട്ടാണ് ജനറാളച്ചൻ എന്നെ നിയമിച്ചിരുന്നത്. അങ്ങനെ അടുത്ത 26 വർഷം എന്റെ പ്രേഷിത രംഗമാകേണ്ട ഈ സ്കൂളിൽ ഞാൻ എന്റെ ജീവിതം ആരംഭിച്ചു. 2000–ൽ ഞാൻ അദ്ധ്യാപക ജോലിയിൽ നിന്ന് വിരമിക്കുന്നതു വരെ ഈ സ്കൂളിൽ തന്നെയാണ് ഞാൻ സേവനം അനുഷ്ഠിച്ചത്. എന്നാൽ അതിനിടയിൽ രണ്ടു വർഷത്തേക്ക് (1978–80) എന്നെ ഉപരി പഠനത്തിനായി റോമിലേക്ക് അയക്കുകയുണ്ടായി. പഠനം കഴിഞ്ഞ് എത്തിയപ്പോൾ ജാംനഗറിലുള്ള സെമിനാരിയുടെ റെക്ടറായി നിയമിച്ചു. ഈ ജോലിയോടൊപ്പം തന്നെ അധ്യാപനവും ഞാൻ തുടർന്നു.

ഞാൻ ഗുജറാത്തിൽ വന്നിട്ട് 48–ാം വർഷമാണിത്. ഗുജറാത്തിലേക്കുള്ള എന്റെ അപ്രതീക്ഷിത വരവും ഇവിടുത്തെ എന്റെ പ്രവർത്തനങ്ങളുമെല്ലാം, ദൈവനിയോഗമായിട്ടാണ് ഞാൻ കാണുന്നത്. ഈ മിഷനിൽ സേവനം ചെയ്യുവാൻ അവസരം ലഭിച്ചതിൽ ഞാൻ അതീവ സന്തുഷ്ടനുമാണ്. അജ്ഞാതമായ ദൈവിക പദ്ധതികൾക്ക് നമ്മെ തന്നെ നാം വിട്ടുകൊടുക്കുമ്പോൾ എത്ര തന്നെ അസാധ്യം എന്ന് തോന്നുന്ന കാര്യങ്ങൾപോലും ദൈവം എളുപ്പമാക്കിത്തരുമെന്നെനിക്കുറപ്പുണ്ട്. അവിചാരിതമായാണ് ഗുജറാത്തിലെ–ത്തിയതെങ്കിലും ഒരു മിഷണറിയാകണമെന്ന ചെറുപ്പം മുതലുള്ള എന്റെ ആഗ്രഹം സാധിച്ചതിൽ സന്തോഷവുമുണ്ട്.

"നീ നിൽക്കുന്ന സ്ഥലം പരിശുദ്ധമാകുന്നു." (പുറ: 3: 5) എന്ന് ആടിനെ തീറ്റിക്കൊണ്ടു നിന്ന മോശയോട് ദൈവം പറഞ്ഞതുപോലെ, തന്റെ സുവിശേഷം അറിയിക്കുവാനായി ദൈവം എന്നെ അയച്ച ഈ ഗുജറാത്തും ഒരു വിശുദ്ധ ഭൂമിയാണെന്നതിൽ സംശയമില്ല. ഭാഷ, സംസ്കാരം, പ്രകൃതി, കാലാവസ്ഥ ഇവയൊക്കെ വളരെ വിഭിന്നമെങ്കിലും ഗുജറാത്തും ദൈവത്തിന്റെ സ്വന്തം നാടു തന്നെ. നന്മ നിറഞ്ഞവരും ഉദാരമതികളുമാണിവിടുത്തെ മനുഷ്യർ. അധ്യാപകരെ ആദരിക്കുകയും, വിദ്യാഭ്യാസത്തെ വിലമതിക്കുകയും ചെയ്യുന്ന ഇവിടുത്തുകാർക്ക് നൽകാൻ ഏറ്റവും യോജ്യമായ ഒന്നാണ് അറിവിന്റെ സുവിശേഷം. പാവപ്പെട്ടവനും, പണക്കാരനും ഒരുപോലെ ഗുണം ചെയ്യുന്നതും, ജാതി ഭേദമില്ലാതെ എല്ലാ കുഞ്ഞുങ്ങളെയും ഒരുമിച്ചു കൊണ്ടുവരികയും ചെയ്യുന്ന സി.എം.ഐ സഭയുടെ ഇവിടുത്തെ വിദ്യാഭ്യാസ പ്രേഷിതത്വത്തിൽ ഭാഗമാകാൻ വിളിച്ചതിന് സർവ്വശക്തനായ ദൈവത്തിന് ഞാൻ കൃതജ്ഞത അർപ്പിക്കുന്നു.

# ഞാൻ എന്തുകൊണ്ട് ഗുജറാത്ത് തിരഞ്ഞെടുത്തു

ഫാ. റിജിൻ കുരിയാളപ്പുഴ സി.എം.ഐ.



ഗാന്ധിജിയുടെ ജന്മനാട് സ്ഥിതി ചെയ്യുന്ന സംസ്ഥാനം, സെമിനാരിയിൽ ചേരുന്നതിന് മുമ്പ് ഗുജറാത്തിനെക്കുറിച്ച് എനിക്ക് അത്രമാത്രമേ അറിയുമായിരുന്നുള്ളു. 2001-ൽ ഗുജറാത്തിൽ നടന്ന ഭൂകമ്പത്തോടുകൂടിയാണ് ഗുജറാത്ത് എന്റെ ശ്രദ്ധ ആകർഷിച്ച് തുടങ്ങിയത്. ഏതാണ്ട് ഇരുപതിനായിരത്തോളം പേർ മരിക്കുകയും ഒന്നര ലക്ഷത്തോളം പേർക്ക് പരിക്കേൽക്കുകയും 4 ലക്ഷത്തോളം വീടുകൾ തകർക്കപ്പെടുകയും ചെയ്തു ആ മഹാ വിപത്തിൽ. മാതാപിതാക്കളെ നഷ്ട്ടപ്പെട്ട മക്കൾ, മക്കളെ നഷ്ട്ടപ്പെട്ട മാതാപിതാക്കൾ, ഭവനങ്ങളും ജീവിത മാർഗ്ഗങ്ങളും നഷ്ട്ടപ്പെട്ട ജനത. എങ്ങും സഹനത്തിന്റെയും വേദനയുടെയും അലയടികൾ. അവരുടെ വേദനകൾ എന്നെയേറെ നൊമ്പരപ്പെടുത്തി. അവർക്കെന്തെങ്കിലും തുണയാകുവാൻ എന്റെ ജീവിതം ഉപകരിച്ചെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചു.

2006-ൽ S.S.L.C പൂർത്തിയാക്കി, ചെറുപ്പം മുതലെ മനസ്സിൽ തലോലിച്ചുകൊണ്ട് നടന്ന മിഷണറി വൈദികനാകാനുള്ള ആഗ്രഹത്തെക്കുറിച്ച് ചിന്തിച്ചപ്പോൾ മനസ്സിലേക്ക് ആദ്യം ഓടിയെത്തിയത് ഗുജറാത്തിലെ ജനങ്ങളുടെ മുഖമാണ്. അറിയപ്പെടാത്ത ഈ നാട്ടിലേക്ക്, അപരിചിതമായ ഈ ജനതയുടെ ഇടയിലേക്ക് ഒത്തിരിയേറെ ആശങ്കകളോടെയാണ് ഞാൻ കടന്നുചെന്നത്. കലാപങ്ങളുടെയും അക്രമങ്ങളുടെയും നാടാണ് ഗുജറാത്ത് എന്ന തെറ്റായ ധാരണയായിരുന്നു എന്റെ മനസ്സ് മുഴുവൻ. എന്നാൽ അവരുമായി അടുത്തിടപഴകിയപ്പോൾ എനിക്ക് മനസ്സിലായി ഏറെ സ്നേഹമുള്ള നല്ല മനുഷ്യരാണ് അവിടുത്തെ ആളുകൾ എന്ന്.

നാൽപതും അമ്പതും വർഷങ്ങൾ ഗുജറാത്തിലെ ജനങ്ങളുടെ ഇടയിൽ പ്രേഷിത വേല ചെയ്ത് ജീവിച്ച വൈദികരുടെയും, സിസ്റ്റേഴ്സിന്റെയും അനുഭവകഥകളും, അവരുടെ മുഖത്തെ ആത്മ നിർവൃതിയും കണ്ടപ്പോൾ ഞാൻ ഉറപ്പിച്ചു, ഞാൻ വിളിക്കപ്പെട്ടത് ഗുജറാത്തിലേക്ക് തന്നെ. നൂറ്റിയൻപതോളം വരുന്ന വൈദികരും, അഞ്ഞൂറോളം സിസ്റ്റേഴ്സും, വികസനം ഇനിയും എത്തി നോക്കിയിട്ടില്ലാത്ത ഗുജറാത്തിലെ ഉൾനാടൻ ഗ്രാമങ്ങളിൽ ചെന്ന് തീക്ഷ്ണമായി ഈശോക്ക്വേണ്ടി സേവനം ചെയ്യുന്നത് വളരെ പ്രചോദനാത്മകമായിരുന്നു.

ഉദാഹരണമായി പറഞ്ഞാൽ, രാജ്കോട്ട് ജില്ലയിലെ ഗോണ്ടൽ എന്ന ഒരു കൊച്ചു ഗ്രാമത്തിൽ 30 വർഷത്തോളമായി നമ്മുടെ വൈദികരും സിസ്റ്റേഴ്സും വളരെ സ്തുത്യർഹമായ സേവനം ചെയ്ത് വരുന്നു. തീർത്തും പാവപ്പെട്ട കുട്ടികൾക്കായ് ഇവിടെ ഒരു ബോർഡിംഗ് സ്കൂളും സ്ഥാപിക്കുകയുണ്ടായി. ഈ കുട്ടികളോടൊത്തു തന്നെയാണ് ബഹു. വൈദികരും, സിസ്റ്റേഴ്സും താമസിക്കുന്നത്. ഭാഷയോ, ഭക്ഷണക്രമമോ, പുതിയ ജീവിതാന്തരീക്ഷമോ ഒന്നും അവരുടെ പ്രേഷിത പ്രവർത്തനത്തിന് ഒരു തടസ്സമായില്ല. അവിടെയുള്ള ഒട്ടുമിക്ക മിഷണറിമാരും ക്രിസ്തുവിനെ പ്രഘോഷിക്കുന്ന ധീരോജ്ജ്വലമായ കഥയുടെ ഒരു അധ്യായം മാത്രമാണ് ഗോണ്ടൽ. ഇങ്ങനെ ഒട്ടനവധി അനുഭവങ്ങളാൽ സമ്പന്നമായിരുന്നു എന്റെ വൈദിക പരിശീലനത്തിന്റെ നാളുകൾ.



ഗോണ്ടൽ നവവിധാൻ ബോർഡിംഗ് വിദ്യാർത്ഥികൾക്കൊപ്പം

കോളേജ് പഠനം കഴിഞ്ഞ് റീജൻസിക്കാലത്ത്, നമ്മുടെ വൈദികരോടൊപ്പം പാവപ്പെട്ട മക്കൾക്കായി ഒരു വർഷക്കാലം ശുശ്രൂഷ ചെയ്യുവാൻ ലഭിച്ച അവസരം എന്റെ വിളിയെയും ബോധ്യങ്ങളെയും ഏറെ ആഴപ്പെടുത്തി. ജനിച്ച് വളർന്ന നാടും, കളിച്ച് വളർന്ന വീടും ഉപേക്ഷിച്ച്, അങ്ങ് വിദൂരത്ത് ആരാലും അറിയപ്പെടാതെ, ത്യാഗോജ്ജ്വലമായി ക്രിസ്തുവിന്റെ നേർസാക്ഷ്യമായി ജീവിക്കുന്ന ഈ മിഷണറിമാരോടൊത്തു ചേരുവാനുള്ള അഭിനിവേശം എന്നിൽ വളർന്നുകൊണ്ടിരുന്നു. ക്രിസ്തുവിന്റെ വചനവുമായി ഞാൻ അയക്കപ്പെട്ടിരിക്കുന്നത് ഗുജറാത്തിലേക്കാണ് എന്ന എന്റെ ബോധ്യത്തെ അത് കൂടുതൽ ആഴപ്പെടുത്തുകയും ചെയ്തു.

ഇങ്ങനെ ഇവരെപ്പോലെ ഇനിയും ധാരാളം പ്രേഷിത വേലകൾ ഗുജറാത്തിലെ മക്കൾക്കായി ചെയ്യണമെന്ന ആഗ്രഹത്തോടെ 2021, ഡിസംബർ മാസം മുപ്പതാം തിയതി പൗരോഹിത്യം സ്വീകരിച്ച ഞാൻ രാജ്കോട്ട് സെന്റ് സേവ്യേഴ്സ് ആസ്പിരന്റ്സ് ഹൗസിൽ അസിസ്റ്റന്റ് റെക്ടറായി സേവനം ചെയ്തുവരുന്നു.

# ദൈവ വിളി: ഈ യാത്രയുടെ ആരംഭം!



**മഹത്തായ ദാനമാണ് ദൈവ വിളി.**
**സൃഷ്ടികർമ്മത്തിലൂടെ പേരെടുത്തുവിളിച്ച ദൈവം**
**തന്റെ പുത്രന്റെ രക്ഷാകര പ്രവർത്തനങ്ങളിൽ**
**പങ്കാളികളാകുവാനുള്ള വിളി**
**തന്റെ തിരഞ്ഞെടുക്കപ്പെട്ടവർക്ക് നൽകുന്നു.**
**ദൈവ വിളിയുടെ വിവിധ മാനങ്ങൾ കാണാം;**

## 1. അസ്ഥിത്വത്തിലേക്കുള്ള വിളി: അടിസ്ഥാന വിളി



രൂപരഹിതവും ശൂന്യവുമായ ഭൂമി,
ആഴത്തിനുമുകളിലെ അന്ധകാരവും.
ഇത്രയുമേ ഉണ്ടായിരുന്നുള്ളൂ, ആരംഭത്തിൽ!
വെളിച്ചമുണ്ടാകട്ടെ എന്ന തിരുവചനം:
സൃഷ്ടിയുടെ ആരംഭം അങ്ങിനെയാണ്.
ദൈവവിളിയുടെ തുടക്കവും അവിടെ തന്നെ.
സൃഷ്ടിക്കപ്പെട്ടതെല്ലാം; ദൈവവിളി സ്വീകരിച്ചു
അസ്ഥിത്വത്തിലേക്കുള്ള ദൈവവിളി;
ചേതനവും അചേതനവുമായതെല്ലാം ഏറ്റുവാങ്ങുന്നു.

## 2. മനുഷ്യത്വത്തിലേക്കുള്ള വിളി



**സൃഷ്ടിയുടെ മകുടമാണ് മനുഷ്യൻ**
**അവൻ ദൈവത്തിന്റെ ഛായ പേറുന്നു;**
**സാദൃശ്യവും.**
**അമർത്യമായ ആത്മാവുള്ള മനുഷ്യൻ**
**ദൈവത്തിൽ എത്തിച്ചേരേണ്ടവൻ.**
**അതാണവന്റെ വിളി;**
**ദൈവിക നിയോഗവും.**

## 3. ക്രിസ്തീയ ജീവിതത്തിലേക്കുള്ള വിളി



**മനുഷ്യനായി അവതരിച്ച ദൈവപുത്രൻ**
**മർത്യർക്കായ് മരണം വരിച്ചു.**
**മൃത്യുവിനെ പരാജയപ്പെടുത്തി,**
**മൂന്നാം നാൾ ഉത്ഥാനം ചെയ്തു.**
**ക്രിസ്തുവിനെ വിശ്വസിച്ചവർ**
**ക്രിസ്ത്യാനികളായി; അവിടുത്തെ ഏറ്റുപറഞ്ഞു.**
**ദൈവ മക്കളായി, സുവിശേഷത്തിന്റെ**
**കാതലായി അവർ ജീവിക്കുന്നു.**

## 4. പൗരോഹിത്യത്തിലേക്കുള്ള വിളി




അവരിൽ ചിലരെ അവിടുന്നു വീണ്ടും വിളിച്ചു,
വിശുദ്ധീകരിച്ചു അധികാരം നൽകി;
കൂദാശകളേകാനും, കൂദാശകളാകാനും  അവരെ  പറഞ്ഞയച്ചു.
അവരാണ് അവിടുത്തെ പുരോഹിതർ!
മാർപാപ്പയും കർദ്ദിനാൾമാരും
മെത്രാന്മാരും, വൈദികരും, ഇതിലേക്കാണ് വിളിക്കപ്പെട്ടത്.
കർത്താവിന്റെ ശുശ്രൂഷാ പൗരോഹിത്യത്തിലേക്ക്.
അവർ ഭൂമിയിൽ കെട്ടുന്നതെല്ലാം
സ്വർഗ്ഗത്തിലും കെട്ടപ്പെടും
അഴിക്കുന്നവ; സ്വർഗ്ഗത്തിലും അഴിക്കപ്പെടും.

## 5. സന്യാസത്തിലേക്കുള്ള വിളി



അധികാരത്തിന്റെ ആരവമില്ലാതെ
അധികാര ശ്രേണിയിലുൾപ്പെടാതെ,
കർത്താവിന്റെ സഭയെ താങ്ങി നിർത്തുവാൻ
അതിന്റെ ചൈതന്യം കാത്തുസൂക്ഷിക്കുവാൻ
കാലികമായ ദൗത്യങ്ങൾ നിറവേറ്റുവാൻ
പ്രവാചക ധർമ്മം ഏറ്റെടുക്കുവാൻ
വിളിക്കപ്പെട്ടവർ സന്യാസികൾ.
ബ്രഹ്മചര്യം നേർന്ന്, ദാരിദ്ര്യം പുണർന്ന്
അനുസരണം പാലിച്ച്
അവർ ജീവിക്കുന്നു; നവരൂപ രക്തസാക്ഷികൾ!

# സന്യാസത്തിലേക്കുള്ള ദൈവവിളി

**ഫാ. ദേവസ്യ ഏഴോലിത്തകിടിയേൽ സി.എം.ഐ**



'Vocation' എന്ന ഇംഗ്ലീഷ് വാക്കിന്റെ മൂല്യാർത്ഥം 'വിളി' എന്നു മാത്രമാണ്. എന്നാൽ മതപരമായി അഥവാ ആദ്ധ്യാത്മിക രീതിയിൽ ഇതിനെ എടുത്താൽ, 'ഒരു പ്രത്യേക ദൗത്യത്തിനായുള്ള ദൈവത്തിന്റെ മനുഷ്യതിരഞ്ഞെടുപ്പ്' എന്നാണ് ഇതിനർത്ഥം. പരമ്പരാഗതമായി സന്യാസ പൗരോഹിത്യത്തിലേക്കുള്ള ദൈവത്തിന്റെ വിളി എന്ന പരിമിതമായ അർത്ഥത്തിൽ മാത്രമാണ് ഈ പദം ഉപയോഗിച്ച് വന്നിരുന്നത്. മനുഷ്യന്റെ അസ്ഥിത്വത്തിലേക്കുള്ള വിളി, ക്രിസ്തീയ ജീവിതത്തിലേക്കുള്ള വിളി, മുതലായവയും വ്യാപകമായ അർത്ഥത്തിൽ ദൈവവിളി തന്നെയാണ്.

**സന്യാസത്തിലേക്കുള്ള വിളി** - Call to Religious Life.

സ്വയം ദൈവമായിരുന്നിട്ടും തന്നെത്തന്നെ ശൂന്യനാക്കി മനുഷ്യനായി അവതരിച്ച മിശിഹായെ അനുകരിച്ചുകൊണ്ട് ദൈവമഹത്വത്തിനും അവിടുത്തെ മക്കളുടെ സേവനത്തിനുമായി തങ്ങളെത്തന്നെ സമർപ്പിച്ച് ജീവിക്കുന്നവരാണ് സന്യാസികൾ. 'സന്യസ്തർ' എന്ന പൊതു സംജ്ഞയിൽ അവർ അറിയപ്പെടുന്നു. സന്യാസികളായ അച്ചന്മാരും, മെത്രാന്മാരും, സിസ്റ്റേഴ്സും, മാർപ്പാപ്പാമാർ വരെയും സഭയിലുണ്ട്. സന്യാസ ജീവിതം തിരഞ്ഞെടുക്കുന്നവർ – അവർ വൈദികരോ, സിസ്റ്റേഴ്സോ ആയിക്കൊള്ളട്ടെ– ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ വ്രതങ്ങൾ അനുഷ്ഠിച്ചുകൊണ്ട് തങ്ങൾ തിരഞ്ഞെടുത്തിരിക്കുന്ന പ്രത്യേക സഭയുടെ നിയമങ്ങൾക്കും ചൈതന്യത്തിനുമനുസരിച്ച് ജീവിച്ച് ദൈവജനത്തിന് സേവനം ചെയ്യുന്നു. ഈശോയെ ഏറ്റവും അടുത്തനുകരിച്ച് ജീവിക്കാനുള്ള ഒരു തീരുമാനമാണിത്. അതും തികച്ചും വ്യക്തിപരമായ തീരുമാനം, ബാഹ്യസമ്മർദ്ദംമൂലമല്ല.

ജീവിതം വഴി ഈ ലോകത്തിൽ ഈശോക്ക് ഉത്തമ സാക്ഷികളാകാനും തിരുസഭാഗാത്രത്തെ പടുത്തുയർത്താനും സുവിശേഷാധിഷ്ഠിതമായ ഒരു ജീവിതത്തിലൂടെ ക്രിസ്തുവിന്റെ ജീവിതത്തെ ഇന്നത്തെ ലോകത്തിന് മുമ്പിൽ പ്രതിഫലിക്കാനും സന്യസ്തർ പരിശ്രമിക്കുന്നു. അതിൽ ഒരു പരിപൂർണ ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും ആനന്ദമുണ്ട്. തങ്ങൾക്ക്



നേടാമായിരുന്നതും അനുഭവിക്കാമായിരുന്നതുമായ സകല ലൗകിക സുഖങ്ങളുടെയും സൗകര്യങ്ങളുടെയും ഒരു പരിത്യജിക്കലാണത്. ഇങ്ങനെ സ്വയം നഷ്ടപ്പെടുത്തുന്നവർ ദൈവസന്നിധിയിൽ എല്ലാം ഉള്ളവരായി മാറുന്നു. ക്രിസ്തുവാണ്  അവരുടെ സമ്പത്ത്, സ്വർഗ്ഗത്തിലാണ്  അവരുടെ നിക്ഷേപം. അവിടുത്തെ ജീവിതം അനുകരിക്കലും അവിടുത്തേക്കുവേണ്ടി മറ്റുള്ളവരെ വളർത്തലുമാണ്  അവരുടെ ലക്ഷ്യം. ഇതിൽ ശുശ്രൂഷാ പൗരോഹിത്യമുണ്ട്, പൗരോഹിത്യ ധർമ്മമുണ്ട്, തങ്ങളുടെ സഭയോടുള്ള പ്രതിബദ്ധതയുണ്ട്. കീഴ്‌വഴക്കത്തിലും, ലാളിത്യത്തിലും ജീവിക്കാനുള്ള വെല്ലുവിളിയുണ്ട്, സർവ്വവും ഉപേക്ഷിച്ച് കർത്താവിനെ പിഞ്ചെല്ലുവാനുള്ള ആഹ്വാനമുണ്ട്, തനിക്ക് നേടാമായിരുന്നവയെ ഉഛിഷ്ടം പോലെ കരുതിയ വി. പലോസ് ശ്ലീഹായുടെ സമർപ്പണ മനോഭാവമുണ്ട്.


ലൗകിക സമ്പത്തും, നേട്ടങ്ങളും, ആകർഷണങ്ങളും മാടി വിളിക്കുന്ന ഇന്നത്തെ ലോകത്തിൽ ഇവയോടൊന്നും മമത കാണിക്കാതെയും ചെവി കൊടുക്കാതെയും അവയൊക്കെ വേണ്ടെന്നുവച്ചുകൊണ്ട് ജീവിക്കാൻ ഒരുവൻ തീരുമാനിക്കുന്നുണ്ടെങ്കിൽ, അതിൽ തീർച്ചയായും സാധാരണക്കാർക്ക് കാണാൻ സാധിക്കാത്ത എന്തോ ഒരു നിധി ഒളിഞ്ഞു കിടപ്പുണ്ട്. വിലയേറിയ രത്നം കണ്ടെത്തുന്ന വ്യാപാരി തനിക്കുള്ളതെല്ലാം വിറ്റ് അതു വാങ്ങുന്നു (മത്താ: 13:46). ലോകത്തിൽ ജീവിച്ചുകൊണ്ടുതന്നെ ലോകത്തിന്റേതല്ലാതാകുക, എല്ലാം ഉണ്ടായിരുന്നിട്ടും ഒന്നും ഇല്ലാത്തവനെപ്പോലെ ജീവിക്കുക, സ്വയം ദരിദ്രനായിരുന്നു കൊണ്ട് മറ്റുള്ളവരെ സമ്പന്നരാക്കുക ഇതാണ്  സന്യാസ വൈദിക ജീവിത വിളിയുടെ അന്ത:സത്ത.



എന്ന് ഈ ജീവിത ശൈലിയിൽ ലൗകികമൂല്യങ്ങളും സ്വാർത്ഥ താൽപര്യങ്ങളും കടന്നുകൂടുന്നുവോ അന്നുമുതൽ ഇതിൽ വിള്ളൽ വീണ് തുടങ്ങുന്നു; ശോഷണം ആരംഭിക്കുന്നു. ആരുടെയും നിർബന്ധത്തിന് വഴങ്ങാതെ, ഈശോയോടുള്ള സ്നേഹത്തെ പ്രതി മാത്രം സന്യാസ ജീവിതത്തെ വാരിപ്പുണരുന്നവർക്ക് ലൗകിക മോഹങ്ങൾക്ക് അതീതമായി ജീവിക്കാനുള്ള വരം പരിശുദ്ധാത്മാവ് പ്രദാനം ചെയ്യും. പ്രാർഥനാ ജീവിതത്തിലൂടെയുള്ള ദൈവികബന്ധം, സഹോദരസ്നേഹത്തിലൂടെയും, സേവനത്തിലൂടെയുമുള്ള മാനുഷിക ബന്ധം, സഭാംഗങ്ങൾ എന്ന നിലയിൽ സഭയെ സ്വന്തമായി കണ്ട് സ്നേഹിക്കുന്നത് വഴിയുള്ള സഭയോടുള്ള ബന്ധം – ഈ ബന്ധങ്ങളാണ് ഒരു സന്യസ്തനെ തന്റെ വിളിയിൽ ഉറച്ച് നിൽക്കാൻ സഹായിക്കുന്നത്.


ഇപ്രകാരം സന്യാസ വൈദിക ജീവിതത്തിലൂടെ ക്രിസ്തുവിനെയും തിരുസഭയേയും സ്നേഹിക്കാൻ ഇനിയും ധാരാളം ആളുകളെ ആവശ്യമുണ്ട്. ഇതിനായുള്ള ആഹ്വാനം വിവിധ ശ്രോതസ്സുകളിൽ നിന്നും നമുക്ക് ലഭിക്കുന്നുമുണ്ട്. ദൈവസ്വരത്തിന് സാകൂതം കാതോർത്തുകൊണ്ട് നമുക്ക് അതിന് ഉത്തരമരുളാം.

# സന്യാസി ഭാരത ചിന്തയിൽ :
# പരനും അപരനും വേണ്ടി യാത്ര ചെയ്യുന്നവൻ




ഋഷിവര്യന്മാരുടെ നാടാണ് നമ്മുടെ ആർഷ ഭാരതം. 'സന്യാസി' എന്ന പദം ഭാരതീയർക്ക് സുപരിചിതമാണ്. ഒരു സന്യാസി എങ്ങനെയാണ് ജീവിക്കേണ്ടതെന്ന് ഓരോരുത്തരുടെയും മനസ്സിൽ ഉണ്ട്. ലോകത്തെ മുഴുവൻ പരിത്യജിച്ചവനാണ് സന്യാസി. മറ്റേതോ രാജ്യത്തിലെ അംഗങ്ങളായാണവർ കാണപ്പെടുക. തപോ വീര്യമാണ് സന്യാസിയുടെ ശക്തി. തപസ്സാണ് സന്യാസിക്ക് സ്വന്തമായുള്ളത്. ബ്രഹ്മത്തിൽ (ദൈവത്തിൽ) ചേർന്നിരുന്നുകൊണ്ട് മറ്റൊരു സ്നേഹത്തിനു തന്നിൽ ഇടം കൊടുക്കാതെ ഇരിക്കുന്നവനാണ് യഥാർത്ഥ ബ്രഹ്മചാരി. സർവ്വ പരിത്യാഗിയാണ് സന്യാസി. ലോകത്തെ ജയിച്ചവനെങ്കിലും അയാൾ ബോധിസത്വനാണ്. അതായത് ലോകത്തിൽ നിന്ന് പോകുവാൻ അയാൾ ശ്രമിക്കുന്നില്ല; കാരണം താൻ അനുഭവിക്കുന്ന നന്മ ലോകത്തിലുള്ള മറ്റുള്ളവർക്ക് പകർന്ന് കൊടുക്കുവാൻ അയാൾ ആഗ്രഹിക്കുന്നു. ലോക മായകളുടെ ഊരാകുടുക്കിൽ നിന്ന് സ്വതന്ത്രനായ അയാൾ മറ്റുള്ളവർക്കുവേണ്ടിയാണിനി ജീവിക്കുന്നത്. ലോകമായകളാകുന്ന സമുദ്രത്തെ മറികടന്ന അയാൾ മറ്റുള്ളവരെയും അക്കരെ എത്തിക്കുന്നതിനായി പാലം നിർമ്മിക്കുകയാണ്. ലോകത്തിലാണെങ്കിലും ഉയർന്ന് ഉയർന്ന് പറക്കുന്ന ഹംസങ്ങളെപോലെയാണ് സന്യാസികൾ. അതിനാലവരെ പരമഹംസങ്ങൾ എന്നും വിളിക്കാം. ലോകം അയാൾക്കും അയാൾ ലോകത്തിനും കുരിശിൽ തറക്കപ്പെട്ടിരിക്കുന്നു.

# സി.എം.ഐ: പ്രഥമ കേരളാ സന്യാസ സഭ




വി. കുര്യാക്കോസ് ഏലിയാസ് ചാവറ



ഫാ. തോമസ് പാലക്കൽ



ഫാ. തോമസ് പോരൂക്കര



ബ്ര. ജേക്കബ് കണിയാന്തറ

**ആത്മരക്ഷക്കായുള്ള അടങ്ങാത്ത ദാഹം**
**അതാണവരെ സന്യാസ ജീവിതത്തിലെത്തിച്ചത്.**
**ഈ നാട്ടിൽ കഴിഞ്ഞാൽ ആത്മം രക്ഷപെടില്ല,**
**അവർ ഭയപ്പെട്ടു.**
**വല്ല കാട്ടിലും സന്യാസിയായി കഴിയണം,**
**അവർ ആഗ്രഹിച്ചതതാണ്.**
**നിങ്ങളെപ്പോലുള്ളവർ; അറിവുള്ളവർ**
**കാട്ടിൽ പോയാൽ, നാടിന്റെ ഗതിയെന്ത്?**
**മെത്രാനച്ചന്റെ ചോദ്യം.**
**നാട്ടിൽ കഴിയുക, നാട്ടുകാർക്ക് ഉപകാരപ്പെടുമാറ് ജീവിക്കുക.**
**അങ്ങനെയാണ് സി.എം.ഐ സഭയുടെ ഉത്ഭവം.**
**തോമ്മാച്ചന്മാർ, പാലക്കലും, പോരൂക്കരയും**
**പിന്നെ ചാവറയച്ചനും കണിയാന്തറ സഹോദരനും.**
**കേരളത്തിലെ പ്രഥമ ഏതദ്ദേശീയ സന്യാസ സഭക്ക്**
**ആരംഭമിട്ടു.**
**മാന്നാനത്ത് കൊവേന്ത വന്നു.**
**തോമ്മാച്ചന്മാർ വിട പറഞ്ഞിട്ടും ചാവറ തന്റെ യത്നം തുടർന്നു.**
**കൊവേന്തകളുടെ എണ്ണം പെരുകി,**
**അംഗങ്ങളുടെ സംഖ്യയേറി,**
**അവ മൂവായിരവും കടന്നു.**

അങ്ങനെ സഭ വളർന്നു
പടർന്ന് പന്തലിച്ചു.
മിഷൻ വേലക്കായ് അവർ പുറപ്പെട്ടു.
സുവിശേഷ യാത്രകൾ പലതു നടന്നു.
വടക്കേ ഇന്ത്യയിലും വിദേശരാജ്യങ്ങളിലും
അവർ സുവിശേഷങ്ങളായി.
ലോകത്തിന്റെ അതിർത്തികൾ വരെ എത്തി,
സി.എം.ഐ സഭ.
മുപ്പതോളം രാജ്യങ്ങളിൽ അവർ സേവനരംഗങ്ങളൊരുക്കി.
അജപാലനവും ആതുര ശുശ്രൂഷയും
വിദ്യാഭ്യാസവും ജനക്ഷേമവും
അവരുടെ ലക്ഷ്യങ്ങളായ്.
അങ്ങനെ അമലോത്ഭവ മാതാവിന്റെ കർമ്മലീത്തർ;
അപ്പസ്തോലന്മാരുടെ സഹയാത്രികരായി.
മാതൃഭക്തിയിലുറച്ചുനിന്ന്,
യേശുപാതയിൽ ചരിക്കുന്നവർ.
ചാവറ വീര്യം സിരകളിലേറ്റെടുത്തവർ,
സേവനം ലക്ഷ്യമാക്കിയവർ.
ഉത്ഥിതനായവൻ അവരോടൊപ്പമുണ്ടായിരുന്നു.




സി. എം. ഐ. സഭയുടെ മാതൃഭവനമായ
മാന്നാനം ആശ്രമം



സി. എം. ഐ. സഭയുടെ ആസ്ഥാനമായ
ചാവറ ഹിൽസ്, കാക്കനാട്

# വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ്: വിശുദ്ധിയിലേക്കൊരു യാത്ര



“കുര്യാക്കോസ് സെമിനാരി പഠനം നിർത്തിയിട്ട് ഉടൻ വീട്ടിലേക്ക് മടങ്ങണം”, അമ്മാവന്മാരും അടുത്ത ബന്ധുക്കളും ഒരേ സ്വരത്തിൽ ആവശ്യപ്പെട്ടു. സി.എം.ഐ സഭാ സ്ഥാപകനും പിന്നീട് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായാൽ വിശുദ്ധനെന്ന് നാമകരണം ചെയ്യപ്പെടേണ്ടവനുമായിരുന്ന ചാവറ കുര്യാക്കോസ് ശെമ്മാശ്ശന്റെ ദൈവവിളിയിലെ അതി സങ്കീർണവും വേദനാജനകവുമായ വലിയ ഒരു പ്രതിസന്ധിയായിരുന്നു അത്. കുര്യാക്കോസ് സെമിനാരിയിൽ പ്രവേശിച്ച് ആസ്തപ്പാട് (ഒരുക്ക) പട്ടവും, ദൈവിക സമർപ്പണത്തിന്റെ അടയാളമായ ളോവയും സ്വീകരിച്ച ഉടനെയായിരുന്നു ഈ തീവ്ര പ്രതിസന്ധി. അക്കാലത്ത് നാട്ടിലെങ്ങും അതിഭയാനകമായ ഒരു പകർച്ച വ്യാധി പടർന്ന് പിടിച്ചിരുന്നു. അനേകർ അതിൽ മരണപ്പെടുകയുണ്ടായി. അക്കൂട്ടത്തിൽ കുര്യാക്കോസിന്റെ മാതാപിതാക്കളും ഏകസഹോദരനും ഉണ്ടായിരുന്നു. സഹോദരന്റെ ഭാര്യയും ഏകമകളും മാത്രമേ അവശേഷിച്ചുള്ളു. കുടുംബത്തിൽ അവശേഷിക്കുന്ന ഏക ആൺതരിയായ കുര്യാക്കോസ് ഉടൻ സെമിനാരി പഠനം അവസാനിപ്പിച്ച് മടങ്ങണമെന്നും അഥവാ കുടുംബം അന്യം നിന്ന് പോകുമെന്നും അമ്മാവന്മാരും മറ്റ് ബന്ധുക്കളും വാദിച്ചു. എന്നാൽ തന്റെ ദൈവവിളിയിൽ ഉറച്ച ബോധ്യമുണ്ടായിരുന്ന കുര്യാക്കോസ് അതിനു വഴങ്ങിയില്ല. ‘‘ദൈവമാണ് എന്റെ ഓഹരി’’ എന്ന സങ്കീർത്തകന്റെ വചനത്തിൽ ഉറച്ച് നിൽക്കുകയാണ് കുര്യാക്കോസ് ചെയ്തത്.



വിധി കൊണ്ടുവന്ന വിപത്തുകൾക്ക് കുര്യാക്കോസിന്റെ നിശ്ചയത്തെ മാറ്റിയെഴുതാനായില്ല. അവൻ സെമിനാരി പഠനം തുടർന്നു, വൈദികനായി, സി.എം.ഐ. സന്യാസ സമൂഹത്തിന്റെ സ്ഥാപകരിൽ ഒരാളായി. കേരളത്തിന്റെ മത-സാംസ്കാരിക, സാമൂഹിക ജീവിതത്തിൽ, അഭിമാനകരമായ മാറ്റത്തിന്റെയും വമ്പൻ പുരോഗതിയുടെയും കാരണക്കാരനായി. സന്യാസി-സന്യാസിനി സഭകൾ സ്ഥാപിച്ചതു മാത്രമല്ല, കത്തോലിക്കാ സഭയെ അമ്പാടെ വിഴുങ്ങിയേ-ക്കാമായിരുന്ന റോക്കോസ് ശീശ്മയെ തടഞ്ഞു നിർത്തിയതും ചാവറ പിതാവു തന്നെയായിരുന്നു. ആരാധനക്രമ പരിഷ്കരണം, ധ്യാനപ്രസംഗങ്ങൾ, നാൽപതുമണിയാരാധന മുതലായവ വഴി അജപാലനരംഗത്ത് പുത്തനുണർവ്വ് കൊണ്ടുവന്നതും അദ്ദേഹം തന്നെ. പള്ളികളോടൊപ്പം പള്ളിക്കൂടം



നിർബന്ധം എന്ന കൽപനയും മാന്നാനത്ത് സംസ്കൃത വിദ്യാഭ്യാസത്തിനുള്ള ആരംഭം കുറിച്ചതും കേരളത്തെ വിദ്യാഭ്യാസമേഖലയിൽ മുൻപന്തിയിലെത്തിച്ചു. ദരിദ്രരുടെ മക്കൾക്കായ് ഉച്ച കഞ്ഞി തുടങ്ങിയ അദ്ദേഹം, പാവങ്ങളുടെ വിദ്യാഭ്യാസം കാര്യക്ഷമമായി നടത്തുവാനുതകുന്ന ചില സൂചനകൾ വരും കാല സർക്കാരുകൾക്ക് നൽകുകയായിരുന്നു. ആത്മീയ ഗ്രന്ഥങ്ങളുടെ പ്രകാശനവും മുദ്രാലയ പ്രേഷിതത്വവും നമ്മുടെ മതസാംസ്കാരിക ജീവിതത്തെ കുറച്ചൊന്നുമല്ല സ്വാധീനിച്ചത്.

ഇങ്ങനെ വിവിധങ്ങളായ പ്രേക്ഷിത രംഗങ്ങളിൽ വിലയേറിയ സംഭാവനകൾ നൽകിയെങ്കിലും ചാവറയച്ചനെ വ്യത്യസ്തനാക്കുന്നത് അദ്ദേഹത്തിന്റെ ജീവിത വിശുദ്ധിതന്നെ. ദൈവത്തെ സ്നേഹമുള്ള അപ്പനായികണ്ട് അവിടുത്തോട് നിരന്തരം സ്നേഹ സല്ലാപം നടത്തി തന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ശക്തി അദ്ദേഹം നേടിയെടുത്തു. മാമ്മോദീസായിൽ ലഭിച്ച പ്രസാദവരം നഷ്ടപ്പെടുത്തിയിട്ടില്ലെന്ന് തന്റെ മരണസമയത്ത് അർത്ഥശങ്കക്കിടയില്ലാത്തവിധം പ്രഖ്യാപിക്കുവാൻ അദ്ദേഹത്തിനായതും അതുകൊണ്ടുതന്നെ.

തന്റെ പ്രഭാഷണങ്ങളും, പ്രാർത്ഥനകളും, പ്രവർത്തികളുംകൊണ്ട് കേരള സമൂഹത്തിനും കേരള സഭക്കും ഒരു നവോത്ഥാന ചൈതന്യം പകർന്ന് നൽകിയാണ് വി. ചാവറയച്ചൻ കടന്നുപോയത്. കേരളമിന്നദ്ദേഹത്തെ നവോത്ഥാന നായകരിൽ ഒരാളായി കാണുന്നതിൽ അത്ഭുതമില്ല. ആഗോള കത്തോലിക്കാ സഭ അദ്ദേഹത്തെ കർമ്മയോഗിയായ ഒരു വിശുദ്ധനായി വണങ്ങുകയും ചെയ്യുന്നു. ചാവറയച്ചന്റെ പാവനമായ കാൽപാടുകളെ പിൻചെന്ന് അദ്ദേഹത്തിന്റെ ധീരമായ കർമ്മ പദ്ധതികളെ പുന:രാവർത്തിക്കുകയാണ് സി.എം.ഐ. സഭ ഇന്ന്.



# ചാതുർവർണ്ണ്യത്തിന്റെ ചതുരംഗ ഭൂമിയിൽ അഞ്ച് ദിനരാത്രങ്ങൾ

അഡ്വ. ഫാ. ആന്റണി പുതവേലിൽ



ആധുനിക മിഷൻ പ്രവർത്തനത്തിന്റെ 'മാഗ്നക്കാർട്ട' യെന്നു വിശേഷിപ്പിക്കപ്പെടുന്ന 'AD GENTES' എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖയിൽ പറയുന്നപോലെ, തീർത്ഥാടകയായ സഭ അതിന്റെ സ്വഭാവത്താൽത്തന്നെ പ്രേഷിതയാണെന്ന അടിസ്ഥാന സിദ്ധാന്തത്തെ മനസിൽ പ്രതിഷ്ഠിച്ചും, നെഞ്ചിലേറ്റിയുമാണ് മിഷൻ ദർശനത്തിനായി 2019, നവംബർ 20-ാം തിയതി ഞങ്ങൾ ആറംഗ വൈദിക സംഘം ഫാ. ജോൺസൻ പാറയിൽ സി.എം.ഐ-യുടെ നേതൃത്വത്തിൽ കേരളത്തിൽ നിന്ന് രാജ്കോട്ടേക്ക് യാത്ര തിരിച്ചത്. പാലാ രൂപതാംഗമായ ഫാ. ജോർജ്ജ് വെട്ടുകല്ലേൽ, പാലക്കാട് രൂപതാംഗങ്ങളായ ഫാ. രാജു പുളിക്കത്താഴം, ഫാ. ബിജു കല്ലിങ്കൽ, സി.എം.ഐ സഭയുടെ മൂവാറ്റുപുഴ പ്രവിശ്യാംഗം ഫാ. ജയ്സൺ പുറ്റനാൽ, എറണാകുളം-അങ്കമാലി രൂപതാംഗമായ ഈയുള്ളവനുമായിരുന്നു സംഘത്തിലെ മറ്റംഗങ്ങൾ. നവംബർ 21-ാം തിയതി അതിരാവിലെ തന്നെ രാജ്കോട്ട് എത്തിച്ചേർന്ന ഞങ്ങളെ പ്രൊവിൻഷ്യാൾ പെരിയ ബഹുമാനപ്പെട്ട തോമസ് കോലംകുഴിയച്ചൻ ഹൃദ്യമായി സ്വീകരിച്ചു.



രാജ്കോട്ട് രൂപതയുടെ മുൻ രൂപതാധ്യക്ഷൻ അഭിവന്ദ്യ ഗ്രിഗറി കരോട്ടെമ്പ്രേൽ പിതാവിനൊപ്പം

പ്രഭാത പ്രാർത്ഥനക്കും, വി. കുർബാനക്കും ശേഷം പ്രഭാത ഭക്ഷണവും കഴിച്ച് അഭിവന്ദ്യ ജോസ് ചിറ്റൂപറമ്പിൽ, ബിഷപ് എമിരത്തൂസ് മാർ ഗ്രിഗറി കരോട്ടെമ്പ്രേൽ എന്നീ പിതാക്കന്മാരുടെയും, പ്രൊവിൻഷ്യാളച്ചന്റെയും അനുഗ്രഹാശിസ്സുകളോടെ സംഘാംഗങ്ങളായ ഞങ്ങൾ 'മിഷൻ ദർശന' പര്യടനത്തിനായി പുറപ്പെട്ടു. പതിമൂവായിരം കത്തോലിക്കാ വിശ്വാസികൾ മാത്രമടങ്ങുന്ന അതി വിസ്തൃതമായ രാജ്കോട്ട് രൂപതയുടെ അതിർത്തിയിൽപ്പെടുന്ന ഏതാനും നഗരങ്ങളും അവയുടെ പ്രാന്തപ്രദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിപാടിയാണ് ക്രമീകരിച്ചിരുന്നത്.

രാജ്കോട്ട്, ജുനാഗഡ്, വെരാവൽ, പോർബന്തർ, ജാംനഗർ, ഭുജ്, ഗാന്ധിധാം, മുൻദ്ര തുടങ്ങിയ നഗര പ്രദേശങ്ങളും അവയുടെ പ്രാന്തങ്ങളായ വീൻചിയ, ഗൊണ്ടൽ, ഗിർനാർ, റാൻപർ, ഭാൺവട്, ജാംജോധ്പൂർ, ഷിണായ്, റൈധൻപർ, ഹമീർപർ, അൻജാർ, മോർബി, ധ്രോളിയ തുടങ്ങിയ പ്രേഷിത മേഘലകളിലൂടെയെല്ലാം ഒരോട്ട പ്രദിക്ഷണം നടത്താൻ സാധിച്ചു. അഞ്ച് ദിനങ്ങളിലായി നടന്ന 'മിഷൻ ദർശന' പര്യടന പരിപാടി നവംബർ 25-ാം തീയതി പ്രൊവിൻഷ്യാൾ ഹൗസിൽ സമാപിച്ചു. ഞങ്ങളുടെ ബഹുമാനാർത്ഥം പ്രൊവിൻഷ്യാളച്ചൻ ഞങ്ങൾക്കായി പ്രത്യേക അത്താഴവിരുന്നൊരുക്കി സൽകരിക്കുകയും സമ്മാനങ്ങൾ നൽകി സന്തോഷിപ്പിക്കുകയും ചെയ്തു. സംഘാംഗങ്ങൾക്ക് വേണ്ടി ഈയുള്ളവൻ സമുചിതമായ നന്ദി പ്രകാശിപ്പിച്ചു. 26-ാം തീയതി രാവിലെ വി. കുർബാനയും പ്രഭാത ഭക്ഷണവും കഴിഞ്ഞ് രാജ്കോട്ട് രൂപതയോടും, പ്രൊവിൻഷ്യാൾ സംഘത്തോടും വിടപറഞ്ഞ് വൈകുന്നേരം 6.30 മണിക്ക് നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ മടങ്ങിയെത്തി ഓരോരുത്തരും പുത്തൻ പ്രേഷിതാനുഭവത്തോടെ സ്വഭവനങ്ങളിലേക്ക് മടങ്ങി.

## തിരിഞ്ഞ് നോക്കുമ്പോൾ

ഭിന്നസംസ്കൃതികളുടെ സംഗമഭൂമിയിലൂടെ അഞ്ച് ദിനരാത്രങ്ങൾ പിന്നിട്ടപ്പോൾ കാണാനായത് സമർപ്പിതശുശ്രൂഷകളിലൂടെ സാന്നിദ്ധ്യമാക്കിക്കൊണ്ടിരിക്കുന്ന സുവിശേഷവൽകൃത ജീവിതത്തിന്റെ സൽഫലങ്ങളാണ്. പ്രവർത്തന നിരതമായിട്ടുള്ള എല്ലാ മേഘലകളിലും ഒരു ക്രിസ്തീയസംസ്കൃതിയുടെ നിഴലാട്ടം ദൃശ്യമാണ്. ഇനിയും സുവിശേഷവല്ക്കരിക്കപ്പെടേണ്ടതും സുവിശേഷവൽക്കരിക്കപ്പെട്ടുവരുന്നതുമായ അനന്ത സാധ്യതകളാൽ സമ്പന്നവുമായ വൈവിധ്യം നിറഞ്ഞ കർമ്മ ഭൂമികളുടെ ഒരു ശ്രംഘല തന്നെ മുന്നിൽ തുറന്നുകിടക്കുന്ന കാഴ്ച പ്രതീക്ഷാനിർഭരമാണ്.

സ്കൂളുകൾ, കോളേജുകൾ, ഹോസ്റ്റലുകൾ, ബോർഡിംഗ് ഹൗസുകൾ, ആശുപത്രികൾ, ഡിസ്പെൻസറികൾ, വികലാംഗ സംരക്ഷണ കേന്ദ്രങ്ങൾ, അന്ധ-ബധിര ശുശ്രൂഷാ



അൻജാർ, സെന്റ് മേരീസ് ബോർഡിംഗ് വിദ്യാർത്ഥികൾക്കൊപ്പം

സ്ഥാപനങ്ങൾ, സാമൂഹിക വികസന കേന്ദ്രങ്ങൾ, എയിഡ്സ് രോഗികളുടെ പുനരധിവാസ കേന്ദ്രങ്ങൾ, അന്നദാന കേന്ദ്രങ്ങൾ, സ്ത്രീശാക്തീകരണ പദ്ധതികൾ, സാംസ്കാരികാനുരൂപണ സ്വഭാവത്തോടെയുള്ള ധ്യാനകേന്ദ്രങ്ങളും പ്രാർത്ഥനാമന്ദിരങ്ങളും, ഭാരതീയ സന്യാസജീവിതത്തെ പ്രകാശിപ്പിക്കുന്ന പർണശാലാ ജീവിത മാതൃകകൾ, ആദിമ സഭാമക്കളുടെ ബലിയർപ്പണ രീതിയെ പ്രകാശിപ്പിക്കുംവിധമുള്ള കൂട്ടായ്മകൾ തുടങ്ങി നിരവധി സംരംഭങ്ങളിലൂടെ നടന്നുവരുന്ന മിഷൻ പ്രവർത്തനങ്ങൾ ആരുടേയും കണ്ണു തുറപ്പിക്കുന്ന അനുഭവങ്ങളാണ്. മേൽ പറഞ്ഞ പ്രവർത്തനങ്ങളെല്ലാം നേരിൽ കാണാൻ കഴിഞ്ഞപ്പോൾ ഞങ്ങളുടെ പൗരോഹിത്യ ജീവിതത്തോടും സമർപ്പിത ശുശ്രൂഷിത ജീവിതത്തോടും എന്തെന്നില്ലാത്തതും, അനിർവ്വചനീയവുമായ ഒരാഭിമുഖ്യവും അഭിമാനവും ഉളവായി എന്ന് പറയാതിരിക്കാൻ വയ്യ. സ്വന്തം നാടിനെക്കുറിച്ചോ വീടിനെക്കുറിച്ചോ ഒട്ടുമേ ചിന്തയോ വേവലാതിയോ ഇല്ലാതെ ഇടവക വൈദികരും, സന്യസ്ത വൈദികരും, സന്യാസിനികളും തങ്ങൾക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്നതും, സ്വയം ഏറ്റെടുത്തതുമായ ഉത്തരവാദിത്തങ്ങൾ ഒരേമനസ്സോടും, ഒരേ ലക്ഷ്യത്തോടും, കൂട്ടായ്മ ബോധ്യത്തോടെയും ചെയ്തുവരുന്ന കാഴ്ച ഞങ്ങളെ സംബന്ധിച്ച് വിസ്മയാവഹമായ ഒരനുഭവമായിരുന്നു. കേരളത്തിലെ സഭാന്തരീക്ഷത്തിൽ നിന്ന് വ്യത്യസ്തമായി വൈദിക–സന്യസ്ത കൂട്ടായ്മ വിഭാഗീയ ചിന്തകളില്ലാതെ അതിന്റെ പരിശുദ്ധിയോടുകൂടി സംരക്ഷിച്ചു പോരുന്ന കാഴ്ച അത്യന്തം അത്ഭുതാവഹമായി തോന്നി. തങ്ങളുടെ ശുശ്രൂഷാ പരിധിയിലുള്ളവരെ സ്വന്തം കുടുംബാംഗങ്ങളെപ്പോലെ കണ്ട് സ്നേഹിക്കുന്ന രീതി ഏറെ ശ്ലാഘനീയം തന്നെ!




കച്ച് വികാസ് ട്രസ്റ്റിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കൊപ്പം

യേശുവിന്റെ സുവിശേഷമൂല്യങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി വിദ്യാർത്ഥികൾക്ക് പരോക്ഷമായി പകർന്നുകൊടുത്തുകൊണ്ട് ഇളം തലമുറയിൽ ക്രിസ്തീയ സംസ്കാരത്തിന്റെ വിത്തുകൾ പാകി അവരെ 'Anonymous Christians' ആയി രൂപാന്തരപ്പെടുത്തുന്ന അനുഭവമാണ് വിവിധ വിദ്യാലയ സ്ഥാപനങ്ങളിലൂടെ പ്രത്യേകിച്ച് ബോർഡിംഗ് സൗകര്യത്തോടുകൂടിയ സ്ഥാപങ്ങളിലൂടെ കയറിയിറങ്ങിയപ്പോൾ ഞങ്ങൾക്ക് ശ്രദ്ധിക്കാനായത്. രാജ്കോട്ടിന്റെ അവികസിത പ്രദേശങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മിഷൻ പ്രവർത്തനങ്ങൾക്ക് ശക്തമായ വേദിയാകുന്നുണ്ട്. കച്ച് മേഘലയിൽ ഫാ. ജോർജ്ജ് ഇലവുങ്കൽ സി.എം.ഐ യുടെയും, വിവിധ സന്യാസിനീ സമൂഹങ്ങളുടെയും നേതൃത്വത്തിൽ നടത്തി വരുന്ന വിവിധ പ്രോജെക്ടുകൾ (Kutch Vikas Trust) സമൂഹത്തിലെ പാർശ്വവല്ക്കരിക്കപ്പെട്ട ഈ സമൂഹത്തിനു ഏറെ സഹായകരമാണ്. വികലാംഗർക്കും, ബുദ്ധിമാന്ദ്യമുള്ളവർക്കും, അന്ധരും ബധിരരുമായവർക്കും വേണ്ടി നടത്തി വരുന്ന സ്ഥാപനങ്ങൾ സഭയുടെ ജീവ കാരുണ്യ പ്രവർത്തനങ്ങൾക്ക് സമൂഹ മധ്യത്തിൽ പ്രതിഛായ പകരുന്ന സംരംഭങ്ങളാണ്. അതോടൊപ്പം കാർഷിക സംസ്കാരത്തെ പരിപോഷിപ്പിക്കുന്ന പരുത്തി, ആവണക്ക്, മാതളം, നിലക്കടല, സവാള തുടങ്ങിയവയുടെ കൃഷികളും, കാലിവളർത്തൽ, മീൻ വളർത്തൽ തുടങ്ങിയ സംരംഭങ്ങളും ഒട്ടേറെപ്പേർക്ക് തൊഴിൽ സാധ്യതകൾ തുറന്നു കൊടുക്കുന്നവയാണ്.



ഫിലിപ് എയിഡ്സ് സെന്റർ ഡയറക്ടർ പോൾ കണ്ണർക്കാട്ടച്ചനോടൊപ്പം

ഫാ. പോൾ കണ്ണർക്കാട്ട് സി.എം.ഐ., ഫാ. ദേവസ്യ സി.എം.ഐ., അഗസ്റ്റീനിയൻ സിസ്റ്റേഴ്സ് എന്നിവരുടെ കൂട്ടുകെട്ടിൽ ഹമീർപറിൽ നടത്തിവരുന്ന 'ഫിലിപ് എയിഡ്സ് സെന്റർ'–നെ എത്ര പ്രശംസിച്ചാലും മതിയാവുകയില്ല. എയിഡ്സ് രോഗികളെങ്കിലും അവരോടൊപ്പം അവരുടെ സുഖ–ദുഃഖങ്ങളിൽ പങ്കുചേർന്നു പരിത്യക്തരായ അവർക്ക് അപ്പനും അമ്മയുമായി ജീവിതം ഒരു ബലിയായി സമർപ്പിച്ച് ശുശ്രൂഷ ചെയ്തുവരുന്ന ഇവരെ ആർക്കും ഒരിക്കലും മറക്കാനാവില്ല. പൗരോഹിത്യ–സന്യാസ ധർമ്മങ്ങൾ ഏറ്റവും സത്യസന്ധമായി ജീവിച്ചുകൊണ്ട് സാക്ഷ്യ ജീവിതത്തിന്റെ സമുന്നത മാതൃകയായി പ്രശോഭിക്കുന്ന ഇവരെ 'ആധുനിക അപ്പസ്തോലന്മാർ' എന്ന് വിളിക്കുന്നതിൽ തെറ്റില്ല.

ആർഷ സന്യാസ ജീവിതത്തെ മാതൃകയാക്കി ജുനാഗഡിലെ ഗീർവനത്തിൽ താപസ വൃത്തിയിലേർപ്പെട്ടു കഴിയുന്ന ഫാ. സെബാസ്റ്റ്യൻ മാളിയേക്കൽ സി.എം.ഐ. സീറോ–മലബാർ സഭയിലെയെന്നല്ല, എല്ലാ റീത്തുകളിലെയും വൈദികർക്കും സന്യസ്തർക്കും എന്നും ഒരു വെല്ലുവിളിയാണ്. നീണ്ട 40 വർഷം ഗീർവനത്തിൽ ഒരു പർണശാല കെട്ടി 'സ്നേഹ ദീപം' എന്ന പേരു കൊടുത്ത് തപസ്സനുഷ്ഠിച്ചുവന്ന സിസ്റ്റർ പ്രസന്നാ ദേവിയുടെ പിൻഗാമിയായാണ് ഫാ. സെബാസ്റ്റ്യൻ പർണശാലയിൽ സ്ഥാനമേറ്റത്. ഭാവിയിൽ ഭാരതീയ ക്രൈസ്തവ സന്യാസ ജീവിതത്തിന്റെ പടിവാതിലായി ഈ പർണശാല രൂപന്തരപ്പെടട്ടെയെന്നു പ്രാർത്ഥിക്കുന്നു.



ക്രിസ്താനന്ദച്ചന്റെ (ഫാ. സെബാസ്റ്റൻ) പർണശാലയിൽ

ആർക്കും വേണ്ടാത്തതും എല്ലാവരാലും തിരസ്കരിക്കപ്പെടുന്നതുമായ ഒരു 'അക്കൽദാമ'യാണ് മിഷൻ പ്രദേശം എന്ന ധാരണയെ കടപുഴക്കിയെറിഞ്ഞ് പൗരോഹിത്യം യഥാർത്ഥത്തിൽ ജീവിക്കേണ്ടതും പുഷ്കലമാക്കേണ്ടതും മിഷൻ പ്രദേശങ്ങളിൽ-ത്തന്നെയാണ് എന്ന് ബോധ്യപ്പെടാൻ, ഈ ഹ്രസ്വമായ സന്ദർശനം കൊണ്ട് ഞങ്ങൾക്ക് സാധിച്ചു.

സ്വന്തം ജീവനെയും ജീവിതത്തെയും സുരക്ഷിതമായ ഒരു ഭൂമികയിൽ നിലയുറപ്പിച്ചു കൊണ്ടെന്നതിനേക്കാൾ അതിനെ അതികഠിനവും, അസ്വസ്ഥവുമായ അടരുകളിൽ പണയപ്പെടുത്തിക്കൊണ്ട് സുവിശേഷവേലയിൽ ഏർപ്പെടുന്നതാണ് ക്രിസ്തു സാക്ഷ്യത്തെ വീരോചിതമാക്കാൻ ഏറെ സഹായകമാവുക എന്ന തിരിച്ചറിവ് നേടാനായതും സന്ദർശൻ വിശേഷത്തിന്റെ ഒരു ബാക്കിപത്രമായി കാണേണ്ടതാണ്. പൗരോഹിത്യത്തിലേക്കും സന്യാസത്തിലേക്കുമുള്ള ദൈവവിളി ഒരു വെല്ലുവിളിയായി ഏറ്റെടുത്ത് ജീവിക്കേണ്ട ദൗത്യമാണെന്ന ബോധ്യം അപ്രകാരമുള്ള തിരിച്ചറിവിൽ നിന്നാണ് മുളപൊട്ടിവരുന്നതെന്ന വസ്തുത ആരുടെയും കണ്ണ് തുറപ്പിക്കേണ്ടതാണ്.

# ഞങ്ങളും ഗുജറാത്തിലേക്ക്

യേശുവാകുന്ന സത്യവഴിലൂടെ നടന്ന് നിത്യ ജീവനിലെത്തുന്നതിനും ആയിരങ്ങളെ ആ വഴിയിലൂടെ നയിക്കുന്നതിനുമായി സന്യാസ വൈദിക പരിശീലനം നേടുന്ന നമ്മുടെ ചില കുഞ്ഞനുജൻമാരുടെ അനുഭവങ്ങൾ നമ്മെ പ്രചോദിതരാക്കും തീർച്ച.



## ബ്രദർ ജിബിൻ മണക്കുഴിയിൽ സി.എം.ഐ.

**പുരോഹിത വിശുദ്ധിയാർന്ന്, തിരുവസ്ത്രങ്ങൾ അണിഞ്ഞ്, ദൈവജനത്തിനു വേണ്ടി, കർത്താവിന്റെ ബലിയർപ്പണത്തിനായി അൾത്താരയിൽ നിൽക്കുന്ന പുരോഹിതനെ നോക്കി എനിക്കും ഒരു വൈദികൻ ആകണം എന്ന് ഒരിക്കലെങ്കിലും ആഗ്രഹിക്കാത്ത ആരും ഉണ്ടാകില്ല. വിശുദ്ധ ചാവറ അച്ചന്റെ ദീർഘവീക്ഷണത്തിന്റെയും പ്രയത്നത്തിന്റെയും ഫലമായി രൂപം കൊണ്ട സി.എം.ഐ. സന്യാസ സഭയുടെ രാജ്കോട്ട് പ്രവിശ്യയിലെ അംഗമാണ് ഞാൻ. എന്റെ പേര് ജിബിൻ ഫിലിപ്. ഭോപ്പാൽ സമന്വയ ദൈവശാസ്ത്ര പരിശീലന കേന്ദ്രത്തിൽ രണ്ടാം വർഷ വിദ്യാർത്ഥിയാണ്. സെമിനാരി ജീവിതത്തിലെ ഏഴ് വർഷങ്ങളും ഗുജറാത്തിലാണ് ഞാൻ പൂർത്തിയാക്കിയത്. ഇന്ത്യയുടെ പടിഞ്ഞാറേ അറ്റത്തുള്ള സംസ്ഥാനമായ ഗുജറാത്ത് അതിന്റെ മനോഹാരിതകൊണ്ടും, ആഘോഷങ്ങൾ കൊണ്ടും എന്നെ ഒത്തിരി ആകർഷിച്ചു. നന്മയുള്ള വൈദികരുടെ പ്രവർത്തനങ്ങളും, ഈശോയെ മറ്റുള്ളവരിലേക്ക് പകർന്ന് കൊടുക്കുവാൻ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ, സാമൂഹ്യ സേവന പ്രവർത്തനങ്ങളും എന്നെ ഒരു ഗുജറാത്തി മിഷണറിയായി മാറാൻ പ്രേരിപ്പിച്ചു. പ്രാർത്ഥനയും, പാട്ടും, കളികളും, അതോടൊപ്പം തന്നെ പ്രകൃതിരമണീയമായ ഗീർവനങ്ങളിലെ യാത്രയും മറ്റ് പ്രകൃതിരമണീയമായ സ്ഥലങ്ങളുടെ ആകർഷണീയതയും എല്ലാറ്റിനുമുപരി ഈശോയെ മറ്റുള്ളവരിലേക്ക് എത്തിക്കണമെന്ന നിശ്ചയവും മുൻപോട്ടുള്ള യാത്രയിൽ എന്റെ ഉത്തേജകമായി. ഈശോയെ മറ്റുള്ളവരിലേക്ക് പകർന്ന് കൊടുക്കുവാൻ ഏറ്റവും ഉചിതമായ സ്ഥലമായി ഇന്ന് രാജ്കോട്ട് മിഷൻ എനിക്ക് അനുഭവമേകുന്നു. തീക്ഷ്ണതയുള്ള മിഷണറിമാരുടെ പ്രവർത്തനങ്ങൾ കൊണ്ട് ഇന്ന് രാജ്കോട്ട് പ്രൊവിൻസ് സമ്പന്നമാണ്. ഈ തീക്ഷ്ണത ഇനിയും മുമ്പോട്ട് കൊണ്ടുവരാൻ സന്നദ്ധതയും തീക്ഷ്ണതയും നിറഞ്ഞ് ഞങ്ങൾ ഓരോരുത്തരും ഈശോയുടെ ശിഷ്യരായി തീരുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.**

## ബ്രദർ തോമസ് മേനാച്ചേരി സി.എം.ഐ.



കുട്ടിക്കാലത്ത് ഒരുപാട് എത്തിപ്പിടിക്കാൻ നോക്കിയ ഒരേ ഒരു കുപ്പായം അത് വിശുദ്ധ ബലി അർപ്പിക്കുന്ന വൈദികന്റേതായിരുന്നു. വല്ലാതെ ആകർഷിച്ചു എന്നൊക്കെ പറയത്തക്ക മറ്റൊന്നും കുട്ടിക്കാലത്ത് ഉണ്ടായിരുന്നില്ല. അത് അൾത്താരയും വൈദികന്റെ വസ്ത്രങ്ങളും മാത്രമായിരുന്നു. കന്യാസ്ത്രീ അമ്മമാർ പൂക്കൾകൊണ്ട് അൾത്താര അലങ്കരിക്കുന്നത് ഒത്തിരി ഇഷ്ട്ടത്തോടെ നോക്കി നിന്നിട്ടുണ്ട്. പലപ്പോഴും അത് എന്നെ ആകർഷിച്ചിട്ടുണ്ട്. ആ അൾത്താരയോടുള്ള അടുപ്പം എന്നെ ഗുജറാത്തിലെ സെമിനാരിയിൽ എത്തിച്ചു. ഞാനിപ്പോൾ ബാംഗ്ലൂരിലെ സീറോമലബാർ സഭയിലെ തന്നെ ഏറ്റവും കൂടുതൽ ശെമ്മാശ്ശന്മാർ ഒന്നിച്ചു വസിക്കുന്ന ധർമ്മാരാം കോളേജിൽ ഒന്നാം വർഷ ദൈവശാസ്ത്ര പഠനം നടത്തുന്നു.

ഗുജറാത്തിനെക്കുറിച്ച് ഓർക്കുമ്പോൾ എന്റെ മനസ്സിൽ ഓടി വരുന്നത്, സ്നേഹിച്ചാൽ ചങ്ക് പറിച്ചു തരുന്ന ഗുജറാത്തി സഹോദരങ്ങൾ തന്നെയാണ്. ഞാൻ എവിടെ പോയാലും അഭിമാനത്തോടെ പറയാറുണ്ട് ഞാൻ ഗുജറാത്തിൽ നിന്നുള്ളവനാണെന്ന്. എന്തെന്നാൽ അത് എന്നെ എന്റെ അൾത്താരയിലേക്കുള്ള യാത്രയിൽ ഒത്തിരി സഹായിക്കുന്നു. ഒരു സന്യാസ മിഷണറി വൈദികൻ ആകുവാനുള്ള പരിശീലന ഘട്ടത്തിലാണ് ഞാൻ എന്നുള്ളതിൽ ഞാൻ അഭിമാനിക്കുന്നു.

സഭയുടെ ഏറ്റവും വലിയ സെമിനാരിയിൽ ആയിരിക്കുമ്പോഴും മറ്റുള്ള പ്രവിശ്യകളിലെ ശെമ്മാശ്ശന്മാരോട് ഞാൻ ഇടക്കൊക്കെ പറയാറുണ്ട്, “ I am in right place, because I am the member of St. Xavier's Provice, Rajkot”. വിദ്യാഭ്യാസ മേഘലയിലും, സാമൂഹ്യ സേവന മേഘലയിലും വളരെയേറെ സാധ്യതകൾ തുറന്ന് തന്ന് ഈശോയോട് കൂടുതൽ അടുക്കുവാനുള്ള സാഹചര്യം സെന്റ്. സേവ്യേഴ്സ് പ്രൊവിൻസ് ഒരുക്കി തരുന്നു. കാലങ്ങൾക്ക് മുമ്പേ നടന്ന് നീങ്ങിയ മിഷണറി വൈദികർ ഒരുക്കിയ വഴിത്താരകൾ നമുക്കായി കാത്തിരിക്കുന്നു.

## ബ്രദർ പ്രിൻസ് വലിയപറമ്പിൽ സി.എം.ഐ.



‘‘നീ ആദ്യം അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കുവിൻ, അതിനോടൊപ്പം ബാക്കിയും കൂട്ടിച്ചേർക്കപ്പെടും’’ എന്ന് നിരന്തരം കാതിൽ മന്ത്രിച്ചു വിളിച്ച ആ 33 കാരന്റെ പിടിവാശിപ്പുറത്ത്

ഇറങ്ങിപ്പുറപ്പെട്ടതാണ് എന്റെ ഈ യാത്ര. ഏലവും, കുരുമുളകും, തേയിലയുമൊക്കെ നെഞ്ചുയർത്തി തിങ്ങിനിറഞ്ഞു നിൽക്കുന്ന ഇടുക്കിയോട് യാത്ര പറഞ്ഞിറങ്ങിയ എന്റെ ഈ യാത്ര ഇന്നെത്തി നിൽക്കുന്നത് മാർവാടികൾ അടക്കി വാഴുന്ന ഗുജറാത്തിലാണ്, കച്ചവടത്തിനല്ല മറിച്ച് ദൈവത്തിന്റെ രാജ്യവും, നീതിയും അന്വേഷിക്കുവാനും, അത് മറ്റുള്ളവരിലേക്ക് എത്തിക്കാനും വേണ്ടിയാണ് ഈ യാത്ര. കാലത്തിന് മുമ്പേ സ്വന്തം കയ്യൊപ്പ് തീർത്ത് നടന്നു നീങ്ങിയ ചാവറ പിതാവിനാൽ സ്ഥാപിതമായ സി.എം.ഐ. സഭ പുതിയൊരു ലോകത്തിലേക്കുള്ള വാതായനമാണ് എനിക്ക് മുമ്പിൽ തുറന്നു തന്നത്. കാണാത്ത വഴികളും, കേൾക്കാത്ത ഭാഷകളും, അറിയാത്ത മനുഷ്യരെയും എന്റെ സഭ എനിക്ക് സുപരിചിതമാക്കിത്തന്നു. 16 തികയുന്നതിന് മുമ്പ് വീടുവിട്ടിറങ്ങിയ എന്നെ ഞാനാക്കിയ എന്റെ പോറ്റമ്മയാണ് എന്റെ സഭ. ജീവിതം അന്ത്യമില്ലാത്ത യാത്രയാണ്, ഈ യാത്രയിൽ, എന്റെ സമാനമായ ജീവിത സാഹചര്യങ്ങളിലൂടെയും മറ്റും കടന്നുവരുന്നവരെ കണ്ടുമുട്ടും തീർച്ച. ചിലപ്പോൾ മറ്റുപലർക്കും അവരെ മനസിലാക്കാനും, ആശ്വസിപ്പിക്കാനും കഴിഞ്ഞെന്ന് വരില്ല. പക്ഷേ, അവരെ മനസിലാക്കാൻ, തോളോട് ചേർത്ത് നിർത്താൻ എനിക്ക് സാധിക്കും. അതിനുവേണ്ടി ദൈവം എന്നെ വിളിച്ചു, ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവ കൃപയാലാണ്. (1 കൊറി. 15:10)

## ജോർജ് എബ്രാഹം



ഇടുക്കി രൂപതയിലുള്ള ഉദയഗിരി ഇടവകയിലാണ് എന്റെ വീട്. എന്റെ അമ്മാവനായ വിൽസൻ വെട്ടുമാണിക്കൽ അച്ചന്റെ ഗുജറാത്ത് മിഷനെക്കുറിച്ചുള്ള വിവരണങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് ഞാൻ സി.എം. ഐ. സഭയുടെ രാജ്കോട്ട് മിഷനിൽ ചേരാൻ തീരുമാനിച്ചത്. മൂന്ന് മാസം നീണ്ട ആലുവ രാജ്കോട്ട് ഭവനിലെ പരിശീലനങ്ങൾക്ക് ശേഷം ഒത്തിരിയേറെ ആകാംക്ഷയോടെയാണ് ഞാൻ എന്റെ വൊക്കേഷൻ പ്രൊമോട്ടറും, മൂന്ന് മാസക്കാലം റെക്ടറുമായിരുന്ന ജെറിയച്ചനോടൊപ്പം ഗുജറാത്തിലേക്ക് വണ്ടി കയറിയത്. കാരണം ആദ്യമായിട്ടാണ് ഞാൻ കേരളത്തിന് പുറത്തേക്ക് യാത്ര ചെയ്യുന്നത്. ഈ യാത്ര വളരെ രസപ്രദവും അനുഭവദായകവുമായിരുന്നു എന്ന് പറയാം. തോടുകളും, പുഴകളും, വയലുകളും, ഗുഹകളും താണ്ടി രണ്ട് ദിവസത്തെ യാത്രക്കൊടുവിൽ ഞങ്ങൾ ഗുജറാത്തിലെ രാജ്കോട്ട് സെന്റ് സേവ്യേഴ്സ് പ്രൊവിൻഷ്യാൾഹൗസ് ക്യാമ്പസിലുള്ള ആസ്പിരന്റ്സ് ഹൗസിൽ എത്തിച്ചേർന്നു. ഞാൻ അതുവരെ കണ്ടതിനേക്കാളും മനോഹരമായ ഒരു ലോകം ഉണ്ടെന്ന തിരിച്ചറിവ് ഈ യാത്രയിലൂടെ എനിക്ക് ലഭിച്ചു.

ഏകദേശം ഒരു വർഷത്തോളം ഞങ്ങൾ ഈ ക്യാമ്പസിൽ ചിലവഴിച്ചു. വൈദിക ജീവിതത്തെപ്പറ്റിയും, സമൂഹ ജീവിതത്തെപ്പറ്റിയും, ഗുജറാത്തി-ഇംഗ്ലീഷ് ഭാഷകളിൽ അടിസ്ഥാന കാര്യങ്ങളും പഠിക്കാൻ ഈ കാലഘട്ടം ഞങ്ങളെ സഹായിച്ചു. കിട്ടുന്ന അവസരങ്ങൾ ഒന്നും പാഴാക്കാതെ നല്ല രീതിയിൽ വിനിയോഗിക്കണമെന്നും, സമയം ഒരിക്കലും പാഴാക്കരുതെന്നുമുള്ള ജീവിത തത്വങ്ങൾ ഈ കാലഘട്ടം ഞങ്ങൾക്ക് സമ്മാനിച്ചു. ഒരു വർഷത്തെ പ്രൊവിൻഷ്യാൾഹൗസ് വാസത്തിലൂടെ മുൻ രാജ്കോട്ട് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഗ്രിഗറി പിതാവ് തുടങ്ങി പ്രവിശ്യയിലെ മുതിർന്ന മിഷണറിമാരുടെ അനുഭവ കഥകൾ കേൾക്കാനുള്ള അവസരം ലഭിച്ചു.

പ്രവിശ്യയുടെ വിവിധ പ്രവർത്തന മേഘലകൾ സന്ദർശിക്കാനുള്ള അവസരവും ഈ കാലഘട്ടത്തിൽ ഞങ്ങൾക്ക് ലഭിച്ചു. ഗുജറാത്തി സംസ്കാരത്തോടും, കാലാവസ്ഥയോടും പൊരുത്തപ്പെട്ട് സന്തോഷത്തോടെ സുവിശേഷ വേല ചെയ്യുന്ന വൈദികരെ കണ്ടപ്പോൾ ഒരു മിഷണറി വൈദികനാകണമെന്ന എന്റെ ആഗ്രഹത്തിന് പോത്സാഹനമായി. ഞായറാഴ്ചകളിലെ ടൗൺ സന്ദർശനം, മിഷൻ സെന്റർ സന്ദർശനം, ഗുജറാത്തി സംസ്കാരത്തെപ്പറ്റിയുള്ള ക്ലാസ്സുകൾ എന്നിവ വഴി - ഗുജറാത്തിനെപ്പറ്റിയും, ഗുജറാത്തി സംസ്കാരത്തെപ്പറ്റിയും കൂടുതൽ അറിയാൻ സാധിച്ചു. ഗുജറാത്തി സഹോദരങ്ങൾ ആഘോഷ പ്രിയരാണ്. ഉത്തരായൻ, ഹോളി, നവരാത്രി, ദീപാവലി തുടങ്ങിയ ആഘോഷങ്ങളുടെ ചിത്രങ്ങൾ മനസ്സിൽ നിന്നും മായാതെ നിൽക്കുന്നു. ഗുജറാത്തിലെ അമ്പലങ്ങൾ, ഗ്രാമങ്ങൾ, നീണ്ടു കിടക്കുന്ന റോഡുകൾ, റോഡിനിരുവശത്തുള്ള വിശാലമായ കൃഷി സ്ഥലങ്ങൾ - എല്ലാം ആകർഷണീയമാണ്. ഗുജറാത്തിലെ സെമിനാരി ജീവിതം ആസ്വദിച്ച് വരുമ്പോഴാണ് +2 പഠനം കേരളത്തിലായിരിക്കും എന്നറിഞ്ഞത്. ഞങ്ങൾ ഇപ്പോൾ തേവരയിൽ +2 പഠനം നടത്തുന്നു.

## ജൈബിൻ ബിജു



ഞാൻ ജൈബിൻ ബിജു. ഇടുക്കി രൂപതയിലെ ബൈസൻ വാലിയിലാണ് എന്റെ വീട്. സി.എം.ഐ. സഭയുടെ രാജ്കോട്ട് പ്രവിശ്യയിലെ വൈദിക വിദ്യാർത്ഥിയായി തേവരയിൽ +2 പഠനം നടത്തുന്നു. സി.എം.ഐ. സഭയുടെ രാജ്കോട്ട് പ്രവിശ്യയിലെ അംഗമാകാൻ തീരുമാനിച്ചതിനാലാണ് എനിക്ക് ഗുജറാത്ത് സന്ദർശിക്കാൻ സാധിച്ചത്. ഒരു വർഷം ഗുജറാത്തിൽ ജീവിക്കുക വഴി ഒത്തിരിയേറെ കാര്യങ്ങൾ

പഠിക്കുവാനും മനസ്സിലാക്കുവാനും സാധിച്ചു. കേരളത്തിലെ ജീവിതരീതിയും ഗുജറാത്തിലെ ജീവിതരീതിയും തമ്മിൽ ഒത്തിരിയേറെ വ്യത്യാസം ഉണ്ട്.

പത്താം ക്ലാസ് പൂർത്തിയാക്കി സ്വന്തം വീട്ടുകാരെയും, നാട്ടുകാരെയും വിട്ട് ഒത്തിരി പ്രതീക്ഷകളോടെയാണ് ഗുജറാത്തിലേക്ക് യാത്രയായത്. അതോടൊപ്പം തന്നെ ആദ്യമായി പരിചിതമല്ലാത്ത സാഹചര്യങ്ങളിലേക്കും, ദേശത്തേക്കും പോകുന്നതിന്റെ ടെൻഷനും ഉള്ളിലുണ്ടായിരുന്നു. മൂന്ന് മാസത്തോളം ആലുവ രാജ്കോട്ട് ഭവനിൽ ഞങ്ങളുടെ വൊക്കേഷൻ പ്രൊമോട്ടറായിരുന്ന ജെറിയച്ചന്റെ കീഴിലെ പ്രാഥമിക പരിശീലനങ്ങൾക്ക് ശേഷം, രാജ്കോട്ട് പ്രൊവിൻഷ്യാൾഹൗസ് ക്യാമ്പസിലുള്ള സെമിനാരിയിൽ എത്തിച്ചേർന്ന ഞങ്ങളെ മുൻ രൂപതാദ്ധ്യക്ഷൻ ഗ്രിഗറി പിതാവും, പ്രൊവിൻഷ്യാളച്ചനും, റെക്ടർ-പ്രദീക്ഷച്ചനും മറ്റ് വൈദികരും വളരെ സ്നേഹത്തോടെ സ്വീകരിച്ചു.

ഒരു വർഷത്തോളം നീണ്ട പരിശീലന കാലഘട്ടത്തിൽ ഇംഗ്ലീഷ് -ഗുജറാത്തി ഭാഷകളിലുള്ള പ്രാർത്ഥനകളും, പാട്ടുകളും പഠിക്കാൻ സാധിച്ചു എന്നത് വലിയ അനുഗ്രഹമായി കാണുന്നു. ഓരോ ദിവസവും പുതിയ പുതിയ കാര്യങ്ങൾ പഠിക്കാൻ സാധിച്ചു. സമൂഹ ജീവിതം, ഒന്നിച്ചുള്ള പ്രാർത്ഥന, പഠനം, ജോലി, വ്യായാമങ്ങൾ ഇവയെല്ലാം എന്റെ ജീവിതത്തെ വളരെയേറെ സ്വാധീനിച്ചു എന്ന് പറയാൻ ഒത്തിരി സന്തോഷം ഉണ്ട്.

വൈദികരുടെ സ്നേഹത്തോടെയുള്ള പെരുമാറ്റമാണ് എന്നെ കൂടുതൽ ആകർഷിച്ചത്. ഇതിനുമുമ്പ് ഒരിക്കലും ഇത്രയും അടുത്ത് വൈദികരുമായി ഞാൻ ഇടപഴകിയിട്ടുണ്ടായിരുന്നില്ല. പ്രവിശ്യയുടെ പല സെന്ററുകളും ഈ ചെറിയ കാലഘട്ടത്തിനുള്ളിൽ നേരിട്ട് കാണുവാനും അവിടുത്തെ പ്രവർത്തനങ്ങൾ അടുത്ത് അറിയുവാനും സാധിച്ചു. വൈദികരുടെയും, സിസ്റ്റേഴ്സിന്റെയും സേവന സന്നദ്ധതയും, മനോഭാവവും ഒത്തിരിയേറെ പ്രചോദനം നൽകി. അതുകൊണ്ട് തന്നെ അവരിൽ ഒരാളായി തീരാൻ ഒത്തിരി ആഗ്രഹിക്കുന്നു.



# നമ്മുടെ ദൗത്യം : അവരുടെ സാക്ഷ്യം

കരുണയുടെ സുവിശേഷം തൊട്ടുണർത്തിയപ്പോൾ പ്രത്യാശയുടെ വഴിയിൽ എത്തിച്ചേർന്ന ഏതാനും ചില സഹയാത്രികരുടെ അനുഭവ കുറിപ്പുകൾ

**ശങ്കർ താപ്പാ**



**നേപ്പാൾ സ്വദേശിയാണ് ഞാൻ. വർഷങ്ങളായി മുംബൈ, ഗോവ മുതലായ സ്ഥലങ്ങളിൽ പലവിധ ജോലികൾ ചെയ്താണ് ഞാൻ ജീവിച്ചിരുന്നത്. ഏതാണ്ട് നാലു വർഷങ്ങൾക്ക് മുമ്പ് ജോലി ചെയ്തുകൊണ്ടിരുന്നപ്പോഴാണ് ഞാൻ എയിഡ്സ് ബാധിതനാണെന്നറിഞ്ഞത്. അതോടെ ബന്ധുക്കളും മിത്രങ്ങളും അകന്നു. ജീവിതം തന്നെ നിശ്ചലമായ അവസ്ഥ. ഏകാന്തതയും മരണഭയവും എന്നെ കഠിനമായി അലട്ടി. എല്ലാം കഴിഞ്ഞുവെന്ന് തോന്നിയ നാളുകൾ. അപ്പോഴാണ് ഞാൻ ഹമീർപറിൽ സി.എം.ഐ. അച്ചന്മാർ നടത്തുന്ന ഫിലിപ്സ് എയിഡ്സ് സെന്ററിൽ വരുന്നത്. യാതൊരു പരിചയമില്ലാതിരുന്നിട്ടും സ്വന്തം കുടുംബത്തിലെ അംഗത്തെപ്പോലെയാണ്, പോളച്ചനും (കണ്ണാർക്കാട്ട്), ദേവസ്യ അച്ചനും (ഏഴോലിത്തകിടിയേൽ), ബഹു. സിസ്റ്റേഴ്സും എന്നെ സ്വീകരിച്ചതും ഇവിടെ താമസിക്കാൻ അനുവദിച്ചതും. എല്ലാ പ്രതീക്ഷയും നശിച്ച എനിക്ക് സ്വന്തം ഭവനത്തിലെത്തിയ പ്രതീതിയാണിപ്പോൾ. ഭക്ഷണവും, താമസവും മാത്രമല്ല, ആവശ്യമെങ്കിൽ മുന്തിയ ചികിത്സപോലും ഇവിടെ സംലഭ്യമാക്കുന്നുണ്ട്. എന്റെ ഒരു കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടിരുന്നു. അതു Re-plant ചെയ്യുന്നതിനുള്ള എല്ലാ സൗകര്യവും ഇവിടെ ഒരുക്കിത്തന്നു. എനിക്കും, എന്നെപ്പോലെ നിസ്സഹായരായി ഇവിടെയെത്തിയിട്ടുള്ള എല്ലാവർക്കും ഈ സ്ഥാപനവും, വൈദികരും ദൈവം തന്ന അതുല്യങ്ങളായ അനുഗ്രഹമാണ്. (ഹിന്ദിയിൽ നിന്നുള്ള പരിഭാഷ)**



**(ശങ്കർ താപ്പയുടെ അസുഖം ഇപ്പോൾ നിയന്ത്രണത്തിലായിട്ടുണ്ട്. തുടർച്ചയായ ചികിത്സ ആവശ്യമാണ്. ഹമീർപറിലെ ഫിലിപ്സ് എയിഡ്സ് സെന്ററിൽ താമസിച്ചുകൊണ്ട് സഹരോഗികളെ ശുശ്രൂഷിക്കുന്നതിനും മറ്റും ശങ്കർ തൽപരനാണ്.)**

### സഞ്ജന സാദിയാ



ഞാൻ ജാംജോധ്പൂരിലുള്ള മദർ തെരേസാ സ്കൂളിൽ 9-ാം ക്ലാസിൽ ആണ് പഠിക്കുന്നത്. എന്റെ വീട് റാൺപർ എന്ന ഗ്രാമത്തിലാണ്. അവിടെ സ്കൂളുകളോ പഠിക്കാനുള്ള മറ്റ് സകര്യങ്ങളോ ഇല്ല. എന്റെ ചെറുപ്പത്തിൽ തന്നെ എന്റെ പിതാവ് മരണമടഞ്ഞു. ഞങ്ങളുടെ കുടുംബത്തിൽ ഞങ്ങൾ അഞ്ച് പെൺ മക്കളാണുള്ളത്. ഞങ്ങളുടെ അമ്മ കൂലിപ്പണി ചെയ്ത് വളരെ കഷ്ടപ്പെട്ടാണ് ഞങ്ങളെ വളർത്തുന്നത്. അതിനിടയിൽ ഞങ്ങളുടെ വിദ്യാഭ്യാസ ചിലവുകൂടി വഹിക്കാൻ ഞങ്ങളുടെ അമ്മക്കാവില്ല. അതിനാൽ പഠനം നിന്നുപോകും എന്ന് തോന്നിച്ച അവസരത്തിലാണ് ഈ സ്കൂളിനെപ്പറ്റിയും പെൺകുട്ടികൾക്കായി ഇവിടെ നടത്തപ്പെടുന്ന ബോർഡിംഗിനെപ്പറ്റിയും അറിയുന്നത്. ഉടനെ ഇവിടുത്തെ ജോസഫച്ചനെ (കാരിക്കാട്ട്) വന്ന് കാണുകയും, അച്ചൻ വളരെ കരുണാപൂർവ്വം ഇവിടുത്തെ സ്കൂളിലും ബോർഡിംഗിലും പ്രവേശനം നൽകുകയും ചെയ്തു. ഇന്ന് ഞാനും എന്റെ അമ്മയും സഹോദരിമാരും സന്തോഷത്തിലാണ്. നന്നായി പഠിക്കുവാനും, പാട്ട്, ഡാൻസ് മുതലായ കലാരൂപങ്ങളിലും, വിവിധങ്ങളായ സ്പോർട്സ് ഇനങ്ങളിലും എനിക്ക് പരിശീലനം കിട്ടുന്നു. ഈ മദർ തെരേസാ സ്കൂളും ഇവിടുത്തെ അച്ചന്മാരും സിസ്റ്റേഴ്സും കാരണം ഞങ്ങളുടെ മുമ്പോട്ടുള്ള ജീവിതം വിജയകരമായി കൊണ്ടുപോകുവാൻ സാധിക്കുമെന്നെനിക്കുറപ്പുണ്ട്. ദൈവത്തിനും അവർക്കും നന്ദി.

(ഗുജറാത്തിയിൽ നിന്നുള്ള പരിഭാഷ)

### നയന റാംജി മക്വാന



എന്റെ പേര് നയന റാംജി മക്വാന. ഞാൻ ഗുജറാത്തിലെ മേഹ്സാണയിൽ പോലീസ് സബ് ഇൻസ്പെക്ടറായി ജോലി ചെയ്യുന്നു. സോമ്പിലിയ എന്ന ഗ്രാമത്തിലാണ് എന്റെ വീട്. വില്ലേജിൽ പഠന സൗകര്യങ്ങൾ വളരെ കുറവായിരുന്നു. അപ്പോഴാണ് ഗോണ്ടലിൽ നിന്ന് ഫ്രാൻസിസ് ബാപ്പുജി (ഫാ. ഫ്രാൻസിസ് ഒഴാക്കൽ)-യും സിസ്റ്റേഴ്സും ഞങ്ങളുടെ ഗ്രാമത്തിൽ വരുന്നതും ഗോണ്ടലിലുള്ള നവവിധാൻ ബോർഡിംഗിൽ പഠിക്കുവാനുള്ള അവസരമൊരുക്കിത്തരുന്നതും. പത്താം ക്ലാസ് പഠനത്തിന് ശേഷം ഞാൻ രസതന്ത്രത്തിൽ ബിരുദവും, ബിരുദാനന്തര ബിരുദവും നേടി. ഗുജറാത്ത് പോലീസിലേക്കുള്ള പ്രവേശന പരീക്ഷയിൽ വിജയിക്കുകയും ഞാൻ എന്നും സ്വപ്നം കണ്ടിരുന്ന ജോലി എനിക്ക് ലഭിക്കുകയും ചെയ്തു. ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ എനിക്കൊരു കാര്യം നിസ്സംശയം പറയുവാൻ സാധിക്കും;

ഫ്രാൻസിസ് ബാപ്പുജിയും ഗോണ്ടലിലുള്ള മറ്റ് ബാപ്പുജിമാരും സിസ്റ്റേഴ്സും എന്നെ സ്വന്തമായിക്കണ്ട് സഹായിച്ചിരുന്നില്ലെങ്കിൽ എന്റെ സ്വപ്നം ഇന്നും പൂർത്തിയാകാതെ അവശേഷിച്ചേനെ. അവർക്കെല്ലാം എന്റെ ഹൃദയത്തിന്റെ അഗാധതയിൽ നിന്ന് പ്രണാമം.

(ഗുജറാത്തിയിൽ നിന്നുള്ള പരിഭാഷ)

### ലതാബേൻ മക്വാന



രണ്ടായിരത്തിപത്തിലാണ് ഞാൻ ജാംജോധ്പൂർ മദർ തെരേസാ സ്കൂളിൽ അധ്യാപികയായി ജോലി ആരംഭിക്കുന്നത്. അധികം വൈകാതെ തന്നെ സി.എം.ഐ മിഷണറിമാർ നടത്തുന്ന ഈ സ്കൂൾ ചുറ്റുപാടുമുള്ള മറ്റ് സ്കൂളുകളിൽ നിന്ന് വളരെ വ്യത്യസ്തമാണെ-ന്നെനിക്കനുഭവപ്പെട്ടു. തങ്ങളുടെ ജാതിയിൽപ്പെട്ടവർക്കായി മാത്രം സ്കൂളുകൾ നടത്തുകയും വിദ്യാഭ്യാസത്തെ ഒരു കച്ചവടമായി കാണുകയും ചെയ്യുന്ന ഒരു വ്യവസ്ഥിതിക്ക് പകരം, സമൂഹത്തിലുള്ള എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും അവർ ഏത് ജാതിക്കാരോ, മതക്കാരോ ആയിക്കോട്ടെ ഒരുമിച്ചുള്ള പഠനത്തിനും വളർച്ചക്കും ഈ സ്ഥാപനം കാരണമാകുന്നു. ഇതോടൊപ്പംതന്നെ നടത്തപ്പെടുന്ന പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും വേണ്ടിയുള്ള ബോർഡിംഗ്, പഠന സൗകര്യമില്ലാത്തതും വളരെ പിന്നോക്കം നിൽക്കുന്നതുമായ ഗ്രാമങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് വളരെയേറെ സഹായകമാകുന്നുണ്ട്. നിലവാരമുള്ള വിദ്യാഭ്യാസത്തോടൊപ്പം കുട്ടികളിൽ ജാതിമത ഭേദമെന്യെ പരസ്പര വിശ്വാസവും സ്നേഹവും ഉളവാക്കുന്ന ജീവിതമൂല്യങ്ങളും ഉണ്ടാകുന്നതിനായി ഈ സ്ഥാപനം കഠിനമായി യത്നിക്കുന്നു. ഇവിടുത്തെ ബോർഡിംഗിനു നൽകിയിട്ടുള്ള 'സമഭാവന' എന്ന പേര് തന്നെ ഇതിന്റെ നേർസാക്ഷ്യമാണ്. പാവപ്പെട്ടവരും അശരണരുമായ കുട്ടികളുടെ നന്മക്കായി നടത്തുന്ന ഈ ഉന്നത നിലവാരമുള്ള സ്ഥാപനത്തിൽ സേവനം ചെയ്യുവാൻ അവസരം ലഭിച്ചതിൽ ഞാൻ അതീവ കൃതാർത്ഥയാണ്. ഈ കുഞ്ഞുങ്ങളുടെ മുഖത്തെ പുഞ്ചിരിയും അവരുടെ കണ്ണുകളിലെ ഉത്സാഹവും കാണുമ്പോൾ എന്റെ ജീവിതവും ധന്യമാകുന്നു.

(ഗുജറാത്തിയിൽ നിന്നുള്ള പരിഭാഷ)

# സി.എം.ഐ. വൈദിക പരിശീലന വഴികളിലൂടെ

വിശുദ്ധ കുരിയാക്കോസ് ഏലിയാസ് ചാവറ, ഫാ. തോമസ് പാലക്കൽ, ഫാ. തോമസ് പോരൂക്കര, ബ്ര. ജേക്കബ് കണിയാന്തറ എന്നിവരാൽ സ്ഥാപിതമായ സി.എം.ഐ. സഭ, സീറോ മലബാർ സഭയിലെ സന്യാസ വൈദികരുടെ കൂട്ടായ്മയാണ്. 1831 മെയ് 11–ാം തിയതി മാന്നാനത്ത് ആരംഭിച്ച സി.എം.ഐ. സഭ ഇന്ന് ഇരുന്നൂറാം വർഷത്തോടടുക്കുമ്പോൾ മൂവായിരത്തോളം അംഗങ്ങളുള്ള ഒരു വലിയ സമൂഹമായി വളർന്നിരിക്കുന്നു. കേരളത്തിലാരംഭിച്ച സി.എം.ഐ. സഭ ഇന്ന് ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന 15 പ്രവിശ്യകളുടെ നേതൃത്വത്തിൽ വിദ്യാഭ്യാസം, സാമൂഹ്യ സേവനം, ആതുര സേവനം, അജപാലനം എന്നീ മേഖലകളിൽ സ്തുത്യർഹമായ സേവനം ചെയ്തുവരുന്നു. ഭാരതത്തിനു പുറമേ, യൂറോപ്പ്, വടക്കേ അമേരിക്ക, തെക്കേ അമേരിക്ക, ആഫ്രിക്ക, ഓസ്ട്രേലിയ എന്നീ ഭൂഖണ്ഡങ്ങളിലും സി.എം.ഐ. സന്യാസ വൈദികർ അജപാലന ശുശ്രൂഷയിൽ വ്യാപൃതരാണ്. SSLC പഠനത്തിനു ശേഷം, സി.എം.ഐ. സഭയിൽ സന്യാസ വൈദികനാകാൻ ആഗ്രഹിക്കുന്ന ഒരു വൈദിക വിദ്യാർത്ഥി 14 വർഷത്തെ വിവിധ ഘട്ടങ്ങളിലായുള്ള പരിശീലനത്തിന് ശേഷം ഒരു വൈദികനായി അഭിഷിക്തനാകുന്നു. സി.എം.ഐ. സഭാ പരിശീലന വഴികളിലൂടെ.

## 1. പ്രാഥമിക പരിശീലനം – 1 വർഷം



സെന്റ് സേവ്യേഴ്സ് സെമിനാരി, രാജ്കോട്ട്

സന്യാസ വൈദികനാകാൻ ആഗ്രഹിച്ച് സഭയിൽ ചേരുന്ന വൈദിക വിദ്യാർത്ഥികൾ ആദ്യത്തെ ഒരു വർഷം രാജ്കോട്ട് പ്രൊവിൻഷ്യാൾഹൗസ് ക്യാമ്പസിലുള്ള യോഗാർത്ഥി ഭവനത്തിൽ പരിശീലനം ആരംഭിക്കുന്നു. അവർ ഒരു വൈദികന്റെ (റെക്ടറച്ചൻ) കൂടെ താമസിച്ച് സമൂഹ ജീവിതവും, അച്ചടക്കത്തോടും ചിട്ടയോടും കൂടിയ ജീവിതരീതിയും അനുഭവിച്ചറിയുന്നതിനോടൊപ്പം സി.എം.ഐ. സഭയെക്കുറിച്ചും, പ്രാർത്ഥനാ ജീവിതത്തെക്കുറിച്ചുമൊക്കെയുള്ള ആദ്യ പാഠങ്ങൾ പഠിക്കുന്നു. ഈ കാലഘട്ടത്തിൽ ഗുജറാത്തിന്റെ പ്രാദേശിക ഭാഷയായ ഗുജറാത്തി ഭാഷയിലും, ഇംഗ്ലീഷ് ഭാഷയിലും പ്രത്യേക പരിശീലനവും നൽകുന്നു.




സെന്റ് സേവ്യേഴ്സ് സെമിനാരി, ജാംനഗർ

## 2. പ്ലസ് ടു പഠനം – 2 വർഷം.

പ്രാഥമിക പരിശീലനങ്ങൾക്ക് ശേഷം, +2 പഠനത്തിനായി വൈദിക വിദ്യാർത്ഥികൾ ജാംനഗറിലുള്ള സെന്റ്. സേവ്യേഴ്സ് പോസ്റ്റുലൻസ് ഹൗസിലേക്ക് പോകുന്നു. സി.എം.ഐ. സഭയിലെ രാജ്കോട്ട് പ്രവിശ്യയുടെ തന്നെ സ്ഥാപനമായ സെന്റ്. സേവ്യേഴ്സ് സ്കൂളിലാണ് യോഗാർത്ഥികൾ അവരുടെ താൽപര്യവും, ക്ഷമതയും അനുസരിച്ച് സയൻസ്, കൊമേഴ്സ് എന്നീ വിഷയങ്ങൾ തിരഞ്ഞെടുത്ത് +2 പഠനം നടത്തുന്നത്. പഠനത്തോടൊപ്പം തന്നെ ഒരു മിഷണറി വൈദികനാകുവാൻ ആവശ്യമായ പരിശീലനങ്ങളും ഈ കാലഘട്ടത്തിൽ നൽകപ്പെടുന്നു.

## 3. നൊവിഷ്യേറ്റ് – 2 വർഷം






വിനയാലയ നൊവിഷ്യേറ്റ്, ബാൻപുരി

മൂന്ന് വർഷത്തെ പ്രാഥമിക പരിശീലനങ്ങൾക്ക് ശേഷം, വൈദിക വിദ്യാർത്ഥികളെ ഛത്തീസ്ഗഢിലെ ബാൻപുരിയിലോ, മധ്യപ്രദേശിലെ ബുധിനിയിലുള്ള നവസന്യാസ ഭവനത്തിലേക്കോ അയക്കുന്നു. ഈ രണ്ട് നവസന്യാസ ഭവനങ്ങളിലാണ് സി.എം.ഐ. സഭയുടെ വടക്കേ ഇൻഡ്യയിലുള്ള 7 മിഷൻ പ്രവിശ്യകളിലെ നവസന്യാസികൾ രണ്ട് വർഷത്തെ സന്യാസ പരിശീലനം തേടുന്നത്. പൂർണമായും പ്രാർത്ഥനയിൽ ആഴപ്പെടാനും, സന്യാസ–വൈദിക ജീവിതത്തെക്കുറിച്ച് കൂടുതൽ അടുത്തറിയാനുമുള്ള പരിശീലന കാലഘട്ടമാണിത്. നവസന്യാസികൾ സി.എം.ഐ. സഭാ പൈതൃകത്തെക്കുറിച്ചും, ആദ്ധ്യാത്മികതയെക്കുറിച്ചും ആഴത്തിൽ പഠിക്കുന്നു. രണ്ട് വർഷത്തെ പരിശീലനങ്ങൾക്ക് ശേഷം അർത്ഥികൾ ബ്രഹ്മചര്യം, അനുസരണം, ദാരിദ്ര്യം എന്നീ വ്രതത്രയങ്ങൾ സമൂഹത്തിന്റെ മുമ്പിൽ പ്രഘോഷിച്ച്, സഭാവസ്ത്രം (Cassock) സ്വീകരിക്കുന്നു.

## 4. തത്വശാസ്ത്രപഠനം (Philosophy) – 2 വർഷം



ദർശനാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിലൊസൊഫി, വാർദ്ധ

നവസന്യാസ പഠനം പൂർത്തിയാക്കി, വ്രതവാഗ്ദാനം നടത്തിയ വൈദിക വിദ്യാർത്ഥികൾ മഹാരാഷ്ട്രയിലെ വാർദ്ധായിലുള്ള ദർശനാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിലൊസൊഫിയിലോ, ബാംഗ്ലൂർ ധർമ്മാരാം കോളേജിലോ തത്വശാസ്ത്ര പഠനത്തിനായി പോകുന്നു. രണ്ട് വർഷത്തെ പരിശീലനം, ശെമ്മാശ്ശന്മാരുടെ യുക്തിപരവും, ബുദ്ധിപരവുമായ വളർച്ചക്കും, ജീവിതത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുകൾ ഉണ്ടാകാനും സഹായിക്കുന്നു.

## 5. ഡിഗ്രി പഠനം – 3 വർഷം

നാല് വർഷത്തെ മിഷൻ പ്രവിശ്യകളുടെ പെതുവായ പരിശീലനത്തിനു ശേഷം, കോളേജ് പഠനത്തിനായി വൈദിക വിദ്യാർത്ഥികൾ പ്രവിശ്യയിലേക്ക് മടങ്ങി വരുന്നു. രാജ്കോട്ട് രൂപതയുടെ സ്ഥാപനമായ ക്രൈസ്റ്റ് കോളേജിലോ, അഹമ്മദാബാദിലുള്ള സെന്റ്. സേവ്യേഴ്സ് കോളേജിലോ ആണ് ബിരുദ പഠനത്തിനായി അയക്കുന്നത്.

## 6. പ്രായോഗിക പരിശീലനം (Regency) – 1 വർഷം

കോളേജ് പഠനം കഴിഞ്ഞ് വൈദിക വിദ്യാർത്ഥികളെ പ്രവിശ്യയുടെ ഏതെങ്കിലും വിദ്യാഭ്യാസ–സാമൂഹ്യ സേവന മേഘലകളിൽ പ്രായോഗിക പരിശീലനത്തിനായി അയക്കുന്നു. വൈദിക സഹോദരന്മാരുടെ കൂടെ നിന്ന് അതാത് മേഘലകളിൽ പ്രവർത്തിക്കുന്നതിനാവശ്യമായ പ്രായോഗിക പരിശീലനം നേടുക എന്നതാണ് ഈ കാലഘട്ടത്തിന്റെ ഉദ്ദേശ്യം. വൈദികരുടെ മേൽനോട്ടത്തിൽ സ്വതന്ത്രമായി കാര്യനിർവഹണം നടത്താൻ ധാരാളം അവസരങ്ങൾ ഈ കാലഘട്ടത്തിൽ അവർക്ക് നൽകപ്പെടുന്നു. ഭാവിയിൽ ചെയ്യാൻ പോകുന്ന മിഷൻ പ്രവർത്തനങ്ങളുടെ ഒരു മുന്നാസ്വാദനമാണിത് എന്ന് തന്നെ പറയാം.

## 7. ദൈവശാസ്ത്ര പഠനം – 3 വർഷം



ധർമ്മാരാം, ബാംഗ്ലൂർ



സമന്വയ തിയോളഗേറ്റ്, ഭോപ്പാൽ



കാർമ്മൽ വിദ്യാഭവൻ, പൂന

പ്രായോഗിക പരിശീലനത്തിന് ശേഷം, വൈദിക വിദ്യാർത്ഥികളെ ദൈവശാസ്ത്ര പഠനത്തിനായി ബാംഗ്ലൂർ ധർമ്മാരാം കോളേജിലോ, ഭോപ്പാലിലുള്ള സമന്വയ മിഷൻ തിയോളഗേറ്റിലോ, പൂനയിലുള്ള കാർമ്മൽ വിദ്യാഭവനിലോ അയക്കുന്നു. മൂന്ന് വർഷത്തെ പഠന കാലത്ത് –ബൈബിൾ, വിശ്വാസ സത്യങ്ങൾ, സഭാ ചരിത്രം, സഭാ നിയമങ്ങൾ,

കൂദാശകൾ, ആരാധന ക്രമങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ച് ആഴത്തിൽ പഠിക്കുകയും ഭാവിയിലെ പ്രേഷിത പ്രവർത്തനത്തിനായി തയ്യാറെടുക്കുകയും ചെയ്യുന്നു.

## 8. തിരുപ്പട്ടം



പരുപരുത്തതും രൂപമില്ലാത്തതുമായ ഒരു കല്ല് നദിയിലെ ഒഴുക്കിനൊപ്പം സഞ്ചരിച്ച് മറ്റ് പ്രതലങ്ങളിൽ തട്ടിയും മുട്ടിയും ഉണ്ടാകുന്ന രൂപാന്തരപ്പെടലുകൾക്ക് ശേഷം ഉരുളൻ കല്ലായി മാറുന്നത് പോലെ ആവശ്യമായ രൂപാന്തരപ്പെടലുകൾക്ക് വിധേയനായി, ഒരു നല്ല വൈദികനായിത്തീരാനുള്ള എല്ലാവിധ പരിശീലനങ്ങളും സ്വീകരിച്ച് നീണ്ട പതിനാല് വർഷത്തിനു ശേഷം ഒരു വൈദിക വിദ്യാർത്ഥി സി.എം.ഐ. സഭയിലെ സന്യാസ വൈദികനായി അഭിഷിക്തനാകുന്നു.

തിരുപ്പട്ട സ്വീകരണ ശേഷം പ്രവർത്തന മേഘലയിലേക്കിറങ്ങുന്ന വൈദികർ രാജ്കോട്ട് മിഷനിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സമൂഹ്യസേവന സ്ഥാപനങ്ങൾ, ബോർഡിംഗ് ഹൗസുകൾ, ആതുര സേവന സ്ഥാപനങ്ങൾ എന്നിവ വഴി കർത്താവിന്റെ സുവിശേഷ പ്രഘോഷണത്തിൽ വ്യാപൃതരാകുന്നു. ആവശ്യമനുസരിച്ച് വടക്കേ അമേരിക്ക, കാനഡ, ജർമ്മനി, ബ്രസീൽ, നമീബിയ എന്നീ രാജ്യങ്ങളിൽ അജപാലന ശുശ്രൂഷക്കായും പ്രവിശ്യാംഗങ്ങളെ അയക്കാറുണ്ട്. സഭയുടെയോ, പ്രവിശ്യയുടെയോ ആവശ്യമനുസരിച്ച് വത്തിക്കാൻ, അമേരിക്ക, ഫിലിപ്പൈൻസ്, പൂന, ബാംഗ്ലൂർ എന്നിങ്ങനെ വിവിധ സ്ഥലങ്ങളിൽ ദൈവശാസ്ത്രം, തത്വശാസ്ത്രം, സെക്യുലർ വിഷയങ്ങൾ എന്നിവയിൽ ബിരുദാനന്തര ബിരുദമോ, ഡോക്ട്രേറ്റോ നേടുന്നതിനായും സഭാംഗങ്ങളെ അയക്കാറുണ്ട്.

# MISSION STATIONS OF CMI ST. XAVIER'S PROVINCE, RAJKOT



ഇന്ത്യയുടെ പടിഞ്ഞാറുഭാഗത്ത് അറബി കടലിനെ
തൊട്ടുരുമ്മിക്കിടക്കുന്ന ഗുജറാത്ത്.
സമ്യശീലരും, സംസ്കാര സമ്പന്നരുമായ ജനത.
ആദ്ധ്യാത്മികതയിൽ അടിയുറച്ച ജീവിതം. ആഘോഷപ്രിയരും
അതിഥി സൽക്കാരത്തിൽ
അഗ്രഗണ്യരും, തുറന്ന മനസ്സുള്ളവരും.
ഗാന്ധിയുടെ ഈ നാട്ടിൽ ക്രിസ്തുവിന്റെ സുവിശേഷവുമായി
സി.എം.ഐ. വൈദികർ എത്തിയിട്ട് ഇപ്പോൾ 50 വർഷം.
ഉപനിഷത്തുകളുടെയും, ചതുർവേദങ്ങളുടെയും പൊരുളറിഞ്ഞ്,
അഷ്ടസൗഭാഗ്യങ്ങളോതി ചതുർവർണ്ണങ്ങളിൽ അവതരിക്കുന്ന
നാരായണനെ നൽകാൻ മിശിഹാവതാരം നൽകിയ
ഉൾക്കരുത്തുമായി നമ്മുടെ മിഷണറിമാർ നടത്തുന്ന അവിരാമ
യാത്രയുടെ കഥ.....
തുടരുമീ യാത്ര.